


# വത്തിക്കാൻ തരംഗം


Vol No.33 No.2 February 2023 കെസിബിസി മീഡിയ

**ഇടവകകൾക്കായി പ്രാർത്ഥിക്കാം**

*ഇടവകകേന്ദ്രങ്ങളിൽ കൂട്ടായ്മ സ്ഥാപിക്കുന്നതിലൂടെ, വിശ്വാസത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹകൂട്ടായ്മകളായി മാറട്ടെ.*

*- ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഫെബ്രുവരി 2023*

Rs.5.00



MY LORD MY GOD
മലയാറ്റൂർ - കുരിശുമുടി
തീർത്ഥാടനം 2023
MY LORD AND MY GOD
ഫെബ്രുവരി 20 മുതൽ
മാർച്ച് 12 വരെ തിങ്കൾ മുതൽ
വ്യാഴം വരെ രാവിലെ 4 മണി മുതൽ
സന്ധ്യ 9 മണി വരെ കുരിശുമുടി
കയറ്റം. (രാത്രി 11 മുതൽ 4 വരെ
ലൈറ്റ് ഓഫ്). വെള്ളി, ശനി,
ഞായർ ദിവസങ്ങളിൽ
രാവും പകലും (24 മണിക്കൂറും).
മാർച്ച് 12 മുതൽ മെയ് 10 വരെ
24 മണിക്കൂറും കുരിശുമുടി കയറ്റം
നടത്താം.
ഫാ. വർഗീസ് മണവാളൻ,
വികാരി,
സെന്റ് തോമസ് ചർച്ച്, മലയാറ്റൂർ
കൈക്കാരന്മാർ
1 തങ്കച്ചൻ കുറിയേടത്ത്
2 സാജു മാടവന
3 സണ്ണി ചിറയത്ത്
4 വൈസ് ചെയർമാൻ :
ജോസഫ് മാളിയേക്കപ്പടി
ഏവർക്കും സ്വാഗതം
Address: Administrative Office, St. Thomas International Shrine,
Kurisumudy, Malayattoor - 683587, phone +91 484 2468990, 2283450, 2283608
Kerala, India website : https://www.malayattoorkurisumudy.in/

വത്തിക്കാൻ തരംഗം
VATHICAN THARANGAM
February- 2023
RN. 55 178/94
പുസ്തകം- 33
Monthly
ലക്കം-02

# ഉള്ളടക്കം


- എഡിറ്റോറിയൽ... 4
- ആഫ്രിക്കയെ ആശ്വസിപ്പിച്ച് ...5
- ദക്ഷിണ സുഡാൻ ... 10
- അക്ഷരം പുസ്തകം ... 24
- യേശുവിന്റെ ... 28
- ഓർമ്മ ആദരം ... 30
- ചിന്തിക്കൂ ... 31
- ഈശോയുടെ ... 34
- MSST വാർത്താ ചിത്രങ്ങൾ ... 36
- മീഡിയ ആൽബം ... 37
- വാർത്തയും ചിന്തയും ... 38



*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി


Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

EDITORIAL



# മാനസാന്തരത്തിന്റെ രണ്ട് മാർഗങ്ങൾ

നോമ്പുകാല തപസ്സും സിനഡൽ യാത്രയുമെന്നാണ് ഫ്രാൻസിസ് പാപ്പയുടെ ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിന്റെ ശീർഷകം. നമ്മുടെ വിശ്വാസജീവിതത്തെ ദൈവത്തിന് പ്രീതികരവും ഹിതകരവുമാക്കാൻ വ്യക്തിപരമായും സമൂഹപരമായും നാം സന്നദ്ധരാകുമ്പോൾ ഒരു ക്രൈസ്തവനെന്ന നിലയിലും ഒരു കൂട്ടായ്മയെന്ന നിലയിലും നമ്മുടെ ജീവിതം സ്വർഗം തൊടുകയാണ്.

ദൈവോന്മുഖമായ വിശ്വാസതീർത്ഥാടനത്തിനായി പാപ്പ ചൂണ്ടിക്കാണിക്കുന്നത് യേശുവിന്റെ രൂപാന്തരീകരണമാണ്. വ്യക്തിപരമായും സഭാപരമായും നാം പൂർത്തീകരിക്കേണ്ട മാനസാന്തരത്തിന് രണ്ട് വഴികളാണ് പാപ്പ നിർദ്ദേശിക്കുന്നത്. തിരുവചനത്തെയും നമ്മുടെ സഹോദരീ സഹോദരന്മാരെയും മനസ്സലിവോടെ ശ്രവിക്കുകയാണ് ഈ മാർഗങ്ങളിൽ ആദ്യത്തേത്. ഈ ശ്രവണത്തിലൂടെ യഥാർത്ഥത്തിൽ യേശുനാഥനെ തന്നെയാണ് മനക്കണ്ണാൽ നാം ദർശിക്കുന്നത്. അനുദിന ജീവിതത്തിന്റെ ദുഃഖദുരിതങ്ങളെ മുറുകെ പിടിക്കാതെ അവയെ ദൃഢവിശ്വാസത്തോടും പ്രത്യാശയോടും കൂടി അഭിമുഖീകരിക്കുകയാണ് രണ്ടാമത്തെ മാനസാന്തര മാർഗം.



നോമ്പുകാലമോ സിനഡൽ പ്രക്രിയയോ അതിൽ തന്നെ അവസാനിക്കുന്നില്ലെന്നും മറിച്ച് നമ്മെ ഉത്ഥാനപ്രകാശത്തിലേക്ക് നയിക്കുന്നതായും പാപ്പ ഓർമ്മിപ്പിക്കുന്നു. സമൂഹത്തിന്റെ അനുദിനജീവിതത്തിൽ സിനഡാലിറ്റിയുടെ കരവേലക്കാരാകാൻ നാം ഹൃദയത്തിൽ സ്വാംശീകരിച്ച കൃപ നമ്മെ ശക്തിപ്പെടുത്തട്ടെ എന്ന് പാപ്പാ പ്രത്യാശിക്കുന്നു. ഒരിക്കൽ കൂടി യേശുനാഥൻ പറയുന്നത് ഓർമ്മിക്കാം: "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ!"

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# ആഫ്രിക്കയെ ആശ്വസിപ്പിച്ച് ഫ്രാൻസിസ് മാർപാപ്പ; 'ജയിക്കും അനുരഞ്ജനം'

**ബാബു കദളിക്കാട്**

**SPECIAL REPORT**



വത്തിക്കാൻ സിറ്റി: രാഷ്ട്രീയ, മത ഭീകരതയുടെയും സാമ്പത്തിക ചൂഷണത്തിന്റെയും ഇരകളായി അരക്ഷിത പർവം താണ്ടുന്ന ആഫ്രിക്കൻ സമൂഹങ്ങൾക്ക് രചനാത്മക സാന്ത്വനം നേരിട്ടേകി ഫ്രാൻസിസ് മാർപാപ്പ. ഇരുണ്ട ഭൂഖണ്ഡമെന്ന ആക്ഷേപമകറ്റാൻ ഉജ്ജ്വല ആത്മീയതയ്ക്കു കഴിയുമെന്ന ഉദ്ബോധനത്തോടെയാണ് കോംഗോ പ്രജാധിപത്യ റിപ്പബ്ലിക്കും ദക്ഷിണ സുഡാനും ഉൾപ്പെട്ട തന്റെ നാൽപ്പതാമത് അപ്പസ്തോലിക പര്യടനത്തിന് പാപ്പ വിരാമം കുറിച്ചത്.

കോംഗോ തലസ്ഥാനമായ കിൻഷാസയിലെ എൻതോളോ വിമാനത്താവളത്തിനു സമീപം ലക്ഷക്കണക്കിന് വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ പാപ്പ അർപ്പിച്ച ദിവ്യബലി ജനബാഹുല്യത്താൽ തന്നെ ചരിത്ര സംഭവമായി. ക്രിസ്തു നൽകുന്ന സമാധാനം സ്വന്തമാക്കാനും, അതുവഴി സന്തോഷമുള്ളവരായിരിക്കാനും ബലിമധ്യേ പാപ്പാ നൽകിയ ആഹ്വാനം ആഫ്രിക്കൻ ജനതയുടെ ഹൃദയം കവർന്നു. കോംഗോ പ്രസിഡന്റിനു പുറമേ സർക്കാർ, നയതന്ത്ര, മത രാഷ്ട്രീയ നേതൃത്വങ്ങളുമായുള്ള ആദ്യ കൂടിക്കാഴ്ചയിൽ, ആ രാജ്യത്തെ ജനതയിലുള്ള തന്റെ വിശ്വാസവും, മതിപ്പും ഏറ്റുപറഞ്ഞ ഫ്രാൻസിസ് പാപ്പാ, അന്നാട്ടുകാർ തങ്ങളുടെ മൂല്യം തിരിച്ചറിഞ്ഞ് ജീവിക്കണമെന്നും, ആഫ്രിക്ക കൊള്ളയടിക്കപ്പെടാനുള്ള ഇടമല്ലെന്നും ഓർമ്മിപ്പിച്ചിരുന്നു.

അനാരോഗ്യം ഉൾപ്പെടെയുള്ള കാരണങ്ങളാൽ നേരത്തെ മാറ്റിവച്ചിരുന്ന ആഫ്രിക്കയിലേക്കുള്ള ഈ അപ്പസ്തോലിക പര്യടനം ഏറെ ഫലദായകമായെന്ന നിരീക്ഷണം




ഫ്രാൻസിസ് മാർപാപ്പ പിന്നീട് വത്തിക്കാനിൽ പങ്കുവച്ചു. അപ്പസ്തോലിക പര്യടനത്തിലായിരുന്നതിനാൽ ഒരാഴ്ച മുടങ്ങിയ പ്രതിവാര പൊതുകൂടിക്കാഴ്ച പുനരാരംഭിച്ചപ്പോഴാണ് പാപ്പാ ഇക്കാര്യം വ്യക്തമാക്കിയത്.

വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള അതിവിശാലമായ പോൾ ആറാമൻ ശാലയായിരുന്നു പൊതുദർശന വേദി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിരവധി തീർത്ഥാടകരും സന്ദർശകരും ശാലയിൽ സന്നിഹിതരായിരുന്നു. മനുഷ്യക്കടത്തിനെതിരായ അന്താരാഷ്ട്ര പ്രാർത്ഥനാ പരിചിന്തനദിനാചരണത്തിൽ സംബന്ധിക്കുന്നതിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റോമിൽ എത്തിയ യുവജനങ്ങളുടെ ഒരു സംഘവും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. പാപ്പാ, ശാലയിലുണ്ടായിരുന്നവരെ കരമുയർത്തി അഭിവാദ്യം ചെയ്തുകൊണ്ട് ഊന്നുവടിയുടെ സഹായത്തോടെ സാവധാനം നടന്ന് എത്തിയപ്പോൾ ജനസഞ്ചയത്തിന്റെ കരഘോഷവും ആനന്ദാരവങ്ങളും ഉയർന്നു. വിവിധ ഭാഷകളിൽ വിശുദ്ധഗ്രന്ഥഭാഗ പാരായണത്തിനു ശേഷമായിരുന്നു പാപ്പായുടെ പ്രഭാഷണം. അതിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ:

' കഴിഞ്ഞ ആഴ്ച ഞാൻ രണ്ട് ആഫ്രിക്കൻ രാജ്യങ്ങൾ സന്ദർശിച്ചു: കോംഗോ പ്രജാധിപത്യ റിപ്പബ്ലിക്കും ദക്ഷിണ സുഡാനും. ദീർഘനാളായി ആഗ്രഹിച്ചിരുന്ന ഈ യാത്ര ചെയ്യാൻ എന്നെ അനുവദിച്ച ദൈവത്തിന് നന്ദി പറയുന്നു. ആമസോൺ പ്രദേശവും കോംഗോയും ചേർന്ന് ലോകത്തിന്റെ രണ്ടു ശ്വാസകോശങ്ങളാണ്. കോംഗോ വിഭവങ്ങളാൽ സമ്പന്നവും, 'തീ കൊളുത്തുന്നവരുള്ളതിനാൽ' ഒരിക്കലും അവസാനിക്കാത്ത യുദ്ധത്താൽ രക്തം പുരണ്ടതുമായ ഭൂമിയാണത്. കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബിയും സ്കോട്ട്ലൻഡിലെ സഭയുടെ മോഡറേറ്റർ ജനറൽ ഇയാൻ ഗ്രീൻഷീൽഡ്സും ചേർന്ന് സമാധാന തീർത്ഥാടനമായായിരുന്നു ദക്ഷിണ സുഡാനിലെ ജനതയെ സന്ദർശിച്ചത്. വിശിഷ്യ, ക്രിസ്തുവിൽ വിശ്വാസം പങ്കുവയ്ക്കുമ്പോൾ, വൈവിധ്യത്തിൽ, സഹകരണം സാദ്ധ്യമാണെന്നും ആവശ്യമാണെന്നും സാക്ഷ്യപ്പെടുത്താൻ ഞങ്ങൾ ഒരുമിച്ച് പോയി.

ആദ്യത്തെ മൂന്ന് ദിവസം ഞാൻ കോംഗോ പ്രജാധിപത്യ റിപ്പബ്ലിക്കിന്റെ തലസ്ഥാനമായ കിൻഷാസയിലായിരുന്നു. എനിക്കേകിയ സ്വീകരണത്തിന് ആ രാജ്യത്തിന്റെ പ്രസിഡന്റിനോടും മറ്റ് അധികാരികളോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഞാൻ എത്തിയ ഉടനെ, പ്രസിഡന്റിന്റെ മന്ദിരത്തിൽ വച്ച് അന്നാടിന് സന്ദേശമേകാൻ




"നിങ്ങൾ എന്നെ തെരെഞ്ഞെടുക്കുകയല്ല ഞാൻ
നിങ്ങളെ തെരെഞ്ഞെടുക്കുകയാണ് ചെയ്തത് "
യോഹ 15:16

**10 ഉം 12ഉം പഠനം**
**പൂർത്തിയാക്കിയ എല്ലാ**
**കൂട്ടുകാരെയും വൈദിക**
**പഠന പരിശീലനത്തിലേക്ക്**
**സ്നേഹപൂർവ്വം**
**സ്വാഗതം ചെയ്യുന്നു.....**

**കൂടുതൽ വിവരങ്ങൾക്ക്.....**
**Rev. Fr. Sibi Mathew**
**phNo: +919785356226**
**( Rector & Vocation Promoter )**

**ജയ്പൂർ ലാറ്റിൻ രൂപത**
**രാജസ്ഥാൻ**

എനിക്ക് സാധിച്ചു: പ്രകൃതിയാലും വിഭവങ്ങളാലും, സർവ്വോപരി, അന്നാട്ടിലെ ജനങ്ങളാലും, കോംഗോ ഒരു വജ്രം പോലെയാണ്; എന്നാൽ ഈ വജ്രം തർക്കത്തിനും അക്രമത്തിനും, വൈരുദ്ധ്യമെന്നോണം, ജനങ്ങളുടെ ദാരിദ്ര്യത്തിനും കാരണമായി. ഇത് മറ്റ് ആഫ്രിക്കൻ പ്രദേശങ്ങളിലും കാണപ്പെടുന്ന ഒരു ചലനാത്മകതയാണ്, അത് ആ ഭൂഖണ്ഡത്തിന് പൊതുവെ പ്രസക്തമാണ്: കോളണിവൽക്കരിക്കപ്പെട്ട, ചൂഷണം ചെയ്യപ്പെട്ട, കൊള്ളയടിക്കപ്പെട്ട ഭൂഖണ്ഡം. ഇവയ്ക്കെല്ലാം മുന്നിൽ ഞാൻ രണ്ട് വാക്കുകൾ പറഞ്ഞു: ആദ്യത്തേത് നിഷേധാത്മകമാണ്: 'മതിയാക്കുക!', ആഫ്രിക്കയെ ചൂഷണം ചെയ്യുന്നത് മതിയാക്കുക! രണ്ടാമത്തേത് ഭാവാത്മകമാണ്: ഒരുമിച്ച്, അന്തസ്സോടും പരസ്പര ബഹുമാനത്തോടും കൂടി, നമ്മുടെ പ്രത്യാശയായ ക്രിസ്തുവിന്റെ നാമത്തിൽ, ഒരുമയോടെ മുന്നേറാം. ചൂഷണമരുത്, ഒത്തൊരുമിച്ച് മുന്നേറാം.

മഹത്തായ ദിവ്യകാരുണ്യാഘോഷത്തിൽ ഞങ്ങൾ ക്രിസ്തു നാമത്തിൽ ഒത്തുകൂടി. കിൻഷാസയിൽത്തന്നെ പിന്നീട് വിവിധ കൂടിക്കാഴ്ചകൾ നടന്നു. സർവ്വോപരി, രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ അക്രമത്തിന് ഇരകളായവരുമായി. സാമ്പത്തികവും രാഷ്ട്രീയവുമായ താൽപ്പര്യങ്ങളാൽ നയിക്കപ്പെടുന്ന സായുധ സംഘങ്ങൾ തമ്മിലുള്ള യുദ്ധത്താൽ വർഷങ്ങളായി പിച്ചിച്ചീന്തപ്പെടുന്ന പ്രദേശം. കള്ളക്കച്ചവടത്തിന്റെ ബലിപീഠത്തിൽ കുരുതി കഴിക്കപ്പെട്ട് ഭീതിയിലും അരക്ഷിതാവസ്ഥയിലും ജീവിക്കുന്ന ആളുകൾ. ചില ഇരകളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ, കുരിശിൻ ചുവട്ടിൽ ആയുധങ്ങളും മറ്റ് മാരക ഉപകരണങ്ങളും ഉപേക്ഷിച്ച ക്ഷോഭജനക സാക്ഷ്യങ്ങൾ ഞാൻ ശ്രവിച്ചു. അവരോടൊപ്പം ഞാൻ അക്രമത്തോടും കീഴടങ്ങലിനോടും 'നോ' എന്നും അനുരഞ്ജനത്തിനോടും പ്രതീക്ഷയോടും 'യേസ്' എന്നും പറഞ്ഞു. അവർ ഏറെ സഹിച്ചു, സഹനം തുടരുന്നു.

പിന്നീട് അന്നാട്ടിലെ വിവിധ ജീവകാരുണ്യ സംഘടനകളുടെ പ്രതിനിധികളുമായി ഞാൻ കൂടിക്കാഴ്ച നടത്തുകയും അവർക്ക് നന്ദി പറയുകയും പ്രോത്സാഹനം പകരുകയും ചെയ്തു. ദരിദ്രർക്കൊപ്പവും ദരിദ്രർക്കു വേണ്ടിയും അവർ നിശബ്ദമായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിലും അത് അനുദിനം പൊതുനന്മയെ വളർത്തുന്നു. അതുകൊണ്ടാണ് ജീവകാരുണ്യ സംരംഭങ്ങൾ എപ്പോഴും അഭിവർദ്ധകമായിരിക്കണമെന്ന് ഞാൻ ഊന്നിപ്പറഞ്ഞത്, അതായത് വ്യക്തികളുടെയും സമൂഹങ്ങളുടെയും വികസനത്തിന് സഹായിക്കുക മാത്രമല്ല പ്രചോദനം പകരുകയും ചെയ്യണം.

കോംഗോയിലെ യുവജനങ്ങളും മതബോധകരുമായുള്ള കൂടിക്കാഴ്ച ആവേശകരമായ വേളയായിരുന്നു. ഭാവിയോന്മുഖ വർത്തമാനകാലത്തിൽ ആമഗ്നമായ ഒരു പ്രതീതിയാണ് അനുഭവപ്പെട്ടത്. സുവിശേഷാനന്ദത്താൽ രൂപപ്പെടുത്തപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന ക്രൈസ്തവ പുതുതലമുറയ്ക്ക് കൊണ്ടുവരാൻ കഴിയുന്ന നവീകരണ ശക്തിയെ കുറിച്ച് ഞങ്ങൾ ചിന്തിച്ചു. പ്രാർത്ഥന, സമൂഹം, സത്യസന്ധത, ക്ഷമ, സേവനം എന്നീ അഞ്ച് വഴികൾ ഞാൻ അവർക്ക് കാണിച്ചുകൊടുത്തു. നീതിക്കു വേണ്ടി വിളിച്ചപേക്ഷിക്കുന്ന അവരുടെ നിലവിളി കർത്താവ് കേൾക്കട്ടെ.

കിൻഷാസയിലെ കത്തീദ്രലിൽ ഞാൻ വൈദികരും ശെമ്മാശന്മാരും സമർപ്പിതരും വൈദികാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. ചെറുപ്പക്കാരായ അവർ നിരവധിയാണ്; കാരണം ദൈവവിളി സമൃദ്ധമാണ്. ആത്മീയ മാന്ദ്യം, ലൗകിക സുഖം, ഉപരിപ്ലവത എന്നീ മൂന്ന് പ്രലോഭനങ്ങളെ അതിജീവിച്ച് ക്രിസ്തു സ്നേഹത്തിന്റെ സാക്ഷികളെന്ന നിലയിൽ ജനങ്ങളുടെ സേവകരാകാൻ ഞാൻ അവരെ ഉപദേശിച്ചു. അവസാനമായി ഞാൻ, കോംഗോയിലെ മെത്രാന്മാരുമായി അജപാലന സേവനത്തിന്റെ സന്തോഷവും ബുദ്ധിമുട്ടുകളും പങ്കുവച്ചു. ദൈവത്തിന്റെ സാമീപ്യത്താൽ സമാശ്വസിക്കപ്പെടുന്നതിന് സ്വയം വിട്ടുകൊടുക്കാനും ദൈവവചന ശക്തിയാൽ ജനങ്ങൾക്ക് പ്രവാചകന്മാരായിരിക്കാനും ദൈവദത്ത അനുകമ്പയുടെയും സാമീപ്യത്തിന്റെയും ആർദ്രതയുടെയും അടയാളങ്ങളായിരിക്കാനും ഞാൻ അവരെ ക്ഷണിച്ചു.




യാത്രയുടെ രണ്ടാം ഭാഗം 2011-ൽ ജന്മംകൊണ്ട ദക്ഷിണ സുഡാന്റെ തലസ്ഥാനമായ ജൂബയിലായിരുന്നു. ഈ സന്ദർശനത്തിന് വളരെ സവിശേഷമായ ഒരു ലക്ഷണശാസ്ത്രം ഉണ്ടായിരുന്നു. അത് യേശുവിന്റെ വാക്കുകളായ മുദ്രാവാക്യത്തിൽ ആവഷ്കൃതമാണ്: അതായത്, 'അവരെല്ലാം ഒന്നായിരിക്കുന്നതിനായി ഞാൻ പ്രാർത്ഥിക്കുന്നു' (യോഹന്നാൻ 17:21 ). അത് വാസ്തവത്തിൽ, ആ ദേശത്ത് ചരിത്രപരമായി സന്നിഹിതമായ ആംഗ്ലിക്കൻ കൂട്ടായ്മ, സ്കോട്ട്ലൻഡിലെ സഭ എന്നീ രണ്ടു സഭകളുടെ തലവന്മാരോടൊപ്പം നിർവ്വഹിച്ച സമാധാനത്തിന്റെ ഒരു എക്യുമെനിക്കൽ തീർത്ഥാടനമായിരുന്നു; കുറച്ച് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഒരു യാത്രയുടെ ആഗമന ബിന്ദു.

സംഘർഷം തരണം ചെയ്ത് സമാധാനം കെട്ടിപ്പടുക്കുന്നതിന് പ്രതിജ്ഞാബദ്ധരാകാൻ ദക്ഷിണ സുഡാൻ അധികാരികൾക്കൊപ്പം 2019-ൽ റോമിൽ ഞങ്ങൾ ഒത്തുകൂടിയിരുന്നു. ദൗർഭാഗ്യവശാൽ, അനുരഞ്ജന പ്രക്രിയ പുരോഗമിച്ചില്ല, നവജാത ദക്ഷിണ സുഡാൻ, യുദ്ധത്തിനും, അക്രമത്തിനും, അഭയാർഥികൾക്കും, ആന്തരികമായി കുടിയിറക്കപ്പെട്ടവർക്കും ജന്മമേകുന്ന അധികാരത്തിന്റെയും മാത്സര്യത്തിന്റെയുമായ പഴഞ്ചൻ യുക്തിയുടെ ഇരയാണ്. അതിനാൽ, അതേ അധികാരികളെ അഭിസംബോധന ചെയ്തുകൊണ്ട്, ഞാൻ, അഴിമതിയോടും ആയുധക്കടത്തിനോടും 'നോ' എന്നും കൂടിക്കാഴ്ചയോടും സംഭാഷണത്തോടും 'യേസ്' എന്നും പറയാൻ അവരെ ക്ഷണിച്ചു.

പരിഷ്കൃത രാജ്യങ്ങൾ എന്ന് അവകാശപ്പെടുന്ന അനേകം നാട്ടുകൾ ദക്ഷിണ സുഡാനെ സഹായിക്കുന്നുണ്ട്. യുദ്ധത്തിന് പ്രചോദനം പകരുന്ന ആയുധങ്ങളാണ് ഈ സഹായത്തിൽ അടങ്ങിയിരിക്കുന്നത്. ഇത് ലജ്ജാകരമാണ്. അഴിമതിയോടും ആയുധക്കടത്തിനോടും 'നോ' എന്നും കൂടിക്കാഴ്ചയോടും സംഭാഷണത്തോടും 'യേസ്' എന്നും പറഞ്ഞുകൊണ്ടു മാത്രമേ മുന്നേറാനാകൂ. ഈ രീതിയിൽ മാത്രമേ വികസനം സാദ്ധ്യമാകൂ, ആളുകൾക്ക് സമാധാനത്തോടെ പ്രവർത്തിക്കാൻ കഴിയൂ, രോഗികൾക്ക് ചികിത്സ ലഭിക്കുകയുള്ളൂ, കുട്ടികൾക്ക് സ്കൂളിൽ പോകാൻ സാധിക്കൂ. ❍



# ദക്ഷിണ സുഡാൻ സന്ദർശനത്തിന്റെ എക്യുമെനിക്കൽ മാനം

**പ്രത്യേക ലേഖകൻ**

ദക്ഷിണ സുഡാൻ സന്ദർശനത്തിന്റെ എക്യുമെനിക്കൽ സ്വഭാവം, പ്രത്യേകിച്ച്, ആംഗ്ലിക്കൻ സമൂഹത്തിലെയും സ്കോട്ട്ലണ്ടിലെ സഭയിലെയും സഹോദരങ്ങളോടു ചേർന്ന് നടത്തിയ പ്രാർത്ഥനാ വേളയിൽ പ്രകടമായി. ഞങ്ങൾ ഒരുമിച്ച് ദൈവവചനം ശ്രവിച്ചു, സ്തുതിയുടെയും അപേക്ഷയുടെയും മദ്ധ്യസ്ഥതയുടെയും പ്രാർത്ഥനകൾ ഞങ്ങൾ ഒരുമിച്ച് ചൊല്ലി. ദക്ഷിണ സുഡാനിലെ പോലെ വളരെ വൈരുദ്ധ്യമുള്ള ഒരു യാഥാർത്ഥ്യത്തിൽ, ഈ അടയാളം മൗലികമാണ്. അത് നിസ്സാരമല്ല. കാരണം നിർഭാഗ്യവശാൽ, അക്രമത്തെയും ദുർവിനിയോഗങ്ങളെയും ന്യായീകരിക്കാൻ ദൈവനാമം ദുരുപയോഗം ചെയ്യുന്നവരുണ്ട്.

ദക്ഷിണ സുഡാൻ ഏകദേശം 1 കോടി 10 ലക്ഷം നിവാസികളുള്ള ഒരു രാജ്യമാണ്. അതിൽ, സായുധ സംഘട്ടനങ്ങൾ കാരണം, രണ്ട് ദശലക്ഷം ആളുകൾ ആഭ്യന്തരമായി ചിതറപ്പെടുകയും അത്രയും തന്നെ ആളുകൾ അയൽരാജ്യങ്ങളിലേക്ക് പലായനം ചെയ്യുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടാണ് ആന്തരികമായി കുടിയൊഴിപ്പിക്കപ്പെട്ട ഒരു വലിയ കൂട്ടം ആളുകളെ കാണാനും അവരെ ശ്രവിക്കാനും അവർക്ക് സഭയുടെ സാമീപ്യം അനുഭവവേദ്യമാക്കാനും ഞാൻ അഭിലഷിച്ചത്. വാസ്തവത്തിൽ, കുടിയിറക്കപ്പെട്ടവർക്കായുള്ള അഭയസങ്കേതങ്ങളിൽ വർഷങ്ങളായി കഴിയുന്ന ഈ പാവങ്ങളെ സഹായിക്കാൻ സഭകളും ക്രൈസ്തവ പ്രചോദിത സംഘടനകളും മുൻനിരയിലുണ്ട്. പ്രത്യേകിച്ച്, രാജ്യത്തെ പരിവർത്തനം ചെയ്യാൻ കഴിയുന്ന ശക്തികളായ സ്ത്രീകളെ ഞാൻ സംബോധന ചെയ്തു; അക്രമ രഹിതവും, അനുരഞ്ജനവും സമാധാനവും വാഴുന്നതുമായ ഒരു പുതിയ ദക്ഷിണ സുഡാന്റെ വിത്തുകളാകാൻ ഞാൻ പ്രചോദനം പകർന്നു.



തുടർന്ന്, ആ പ്രാദേശിക സഭയിലെ ഇടയന്മാരും സമർപ്പിതരുമായുള്ള കൂടിക്കാഴ്ചയിൽ, ഞങ്ങൾ, മോശയെ ദൈവത്തോടുള്ള അനുസരണത്തിന്റെയും മദ്ധ്യസ്ഥതയിലുള്ള സ്ഥൈര്യത്തിന്റെയും മാതൃകയായി കണ്ടു.ദക്ഷിണ സുഡാൻ സന്ദർശനത്തിന്റെയും ഈ അജപാലന യാത്ര മുഴുവന്റെയും അവസാന കർമ്മമായിരുന്ന ദിവ്യകാരുണ്യ ആഘോഷത്തിൽ, ഞാൻ, സുവിശേഷത്തെ പ്രതിധ്വനിപ്പിച്ചു. വളരെയധികം പ്രശ്നങ്ങൾ നിറഞ്ഞ ആ മണ്ണിൽ 'ഉപ്പും വെളിച്ചവും' ആയിരിക്കാൻ ക്രിസ്ത്യാനികൾക്ക് പ്രചോദനം പകർന്നു. ദൈവം തന്റെ പ്രത്യാശ വയ്ക്കുന്നത് വലിയവരിലും ശക്തരിലും അല്ല, മറിച്ച് ചെറിയവരിലും എളിമയുള്ളവരിലുമാണ്. അതാണ് ദൈവത്തിന്റെ വഴി.

ദക്ഷിണ സുഡാൻ അധികാരികൾക്ക്, പ്രസിഡന്റിന്, യാത്രാ സംഘാടകർക്ക്, സന്ദർശനം സുഗമമായി നടക്കാൻ പരിശ്രമിച്ച എല്ലാവർക്കും, അവരുടെ പരിശ്രമങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. ഈ എക്യുമെനിക്കൽ യാത്രയിൽ എന്നെ അനുഗമിച്ചതിന് എന്റെ സഹോദരങ്ങളായ ജസ്റ്റിൻ വെൽബിക്കും ഇയാൻ ഗ്രീൻഷീൽഡ്സിനും നന്ദി പറയുന്നു. കോംഗോ പ്രജാധിപത്യ റിപ്പബ്ലിക്കിലും ദക്ഷിണ സുഡാനിലും അഖില ആഫ്രിക്കയിലും സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റേതുമായ ദൈവരാജ്യ വിത്തുകൾ മുളയ്ക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.'

പര്യടനത്തിന്റെ ആറു ദിവസങ്ങളിൽ ഫ്രാൻസിസ് പാപ്പാ കോംഗോ ഡെമോക്രാറ്റിക് റിപ്പബ്ളിക്കിലേയും തെക്കൻ സുഡാനിലേയും ജനങ്ങൾക്ക് സമാശ്വാസത്തിന്റെയും പ്രത്യാശയുടേയും സന്ദേശം നൽകുവാനാണ് പരിശ്രമിച്ചതെന്ന് വിവിധ അന്താരാഷ്ട്ര മാധ്യമങ്ങൾ ചൂണ്ടിക്കാട്ടി. ഓരോ വ്യക്തിയും അവരവരുടെ ജീവിതത്തിലും രാഷ്ട്രത്തിലും സമാധാനം വളർത്തേണ്ടതിന്റെ ആവശ്യകത ശക്തമായ ഭാഷയിൽ തുടർച്ചയായി പാപ്പാ ഊന്നിപ്പറഞ്ഞു. കോംഗോ ഡെമോക്രാറ്റിക് റിപ്പബ്ളിക്കിൽ പൗരാധികാരികളോടു സംസാരിച്ച ചടങ്ങിലെ പാപ്പായുടെ ആദ്യ പൊതു പ്രഭാഷണം തന്റെ പിന്നീടുള്ള സന്ദർശനത്തിന്റെ ധ്വനി വ്യക്തമാക്കുന്നതായിരുന്നു.

പാപ്പാ അർപ്പിച്ച ദിവ്യബലികളിൽ വൻ ജനാവലിയാണ് വന്നു ചേർന്നത്. കോംഗോയുടെ തലസ്ഥാനമായ കിൻഷാസയിൽ ഒരു ദശലക്ഷത്തിലധികവും, തെക്കൻ സുഡാന്റെ തലസ്ഥാനമായ ജൂബയിൽ ഏകദേശം 100,000 വിശ്വാസികളും ഫ്രാൻസിസ് പാപ്പാ

യോടൊപ്പം ബലിയർപ്പിക്കാനെത്തി. പ്രത്യാശയുടെയും തെക്കൻ സുഡാനിലെ ജനങ്ങളോടൊരുമിച്ച് നിന്ന് സമാധാനത്തിനായി പരിശ്രമിക്കാനുമുള്ള നവീന സന്ദേശവും നൽകിക്കൊണ്ടാണ് ഫ്രാൻസിസ് പാപ്പാ മടങ്ങിയതെന്ന് ജൂബായിൽ നിന്ന് പാപ്പായെയും വഹിച്ചുകൊണ്ടുള്ള വിമാനം പറന്നുയർന്നപ്പോൾ ജൂബയിലെ ആർച്ച്ബിഷപ്പ് സ്റ്റീഫൻ അമേയു മാർട്ടിൻ മുള്ള ദേശീയ പ്രക്ഷേപണ ഏജൻസിയായ എസ്. എസ്. ബി. സി. യോടു പറഞ്ഞു.

'നമ്മുടെ സഹോദരീ സഹോദരന്മാരെ പരിപാലിക്കുന്നതിലൂടെ മാത്രമേ നമുക്ക് ഈ സമാധാനം സാക്ഷാൽക്കരിക്കാൻ കഴിയൂ,' അദ്ദേഹം പറഞ്ഞു. 'നമ്മുടെ രാഷ്ട്രീയ നേതാക്കൾ പരിശുദ്ധ പിതാവിന്റെയും ആർച്ച്ബിഷപ്പ് ജസ്റ്റിൻ വെൽബിയുടേയും റവ. ലെയ്ൻ ഗ്രീൻ ഷീൽഡ്സിന്റെയും സന്ദേശങ്ങൾ ശരിയായി ശ്രവിക്കുമെന്നും പ്രത്യാശിക്കുന്നു.' അദ്ദേഹം കൂട്ടിച്ചേർത്തു.

കോംഗോ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വിവിധ തരത്തിലുള്ള പീഡനങ്ങൾക്ക് ഇരകളായ ആളുകളുമായി കൂടിക്കാഴ്ച നടത്തിയ പാപ്പാ, തങ്ങൾ അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾക്ക് പകരം വീട്ടാൻ ശ്രമിക്കുകയെന്ന ചിന്ത ഇല്ലാതാക്കാനും, പരസ്പരം ക്ഷമിച്ച്, അനുരഞ്ജനത്തിന്റെ പാതയിലേക്ക് വരാനും, സഹോദര്യത്തിൽ മുന്നേറാനും ഉദ്ബോധിപ്പിച്ചു. മാനുഷികമായ രീതിയിൽ ഒരിക്കലും അംഗീകരിക്കാനാകാത്ത വലിയ പീഡനങ്ങളിലൂടെ കടന്നു പോയ, കിഴക്കൻ കോംഗോയിൽനിന്നുള്ള ആളുകൾ നൽകിയ സാക്ഷ്യത്തിന് നന്ദി പറഞ്ഞുകൊണ്ടാണ് പാപ്പാ തന്റെ പ്രഭാഷണം ആരംഭിച്ചത്. അന്താരാഷ്ട്രമാധ്യമങ്ങൾ പലപ്പോഴും മൗനം പാലിക്കുന്ന ഇതുപോലെയുള്ള സംഭവങ്ങൾക്ക് മുന്നിൽ നിശബ്ദതയിൽ വിലപിക്കാനേ സാധിക്കൂ. കൂടുതൽ ശക്തിയും ആയുധങ്ങളും കൈയിലുള്ളവരുടെ കീഴിൽ കഴിയേണ്ടി വരുന്ന സ്ഥിതി ദയനീയം. രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ സമാധാനമെത്താതെ കോംഗോയിൽ സമാധാനം ഉണ്ടാവുകയില്ലെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

ശാരീരികവും മാനസികവുമായ പലവിധ പീഡനങ്ങളിലൂടെ കടന്നുപോയ സ്ത്രീകളെയും, കുട്ടികളെയും മുതിർന്നവരെയും പരാമർശിച്ചുകൊണ്ട്, 'ഞാൻ നിങ്ങളോടൊപ്പമുണ്ട് ' എന്ന് പാപ്പാ പറഞ്ഞു. അക്രമികൾ നിങ്ങളെ വസ്തുക്കളായി കണക്കാക്കുമ്പോൾ, പിതാവായ ദൈവം നിങ്ങളെ വിലയുള്ളവരായി കണക്കാക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. സഭ നിങ്ങൾക്കൊപ്പമാണ്.

## ജീവന്റെ വൃക്ഷങ്ങളായി മാറണം നാം

സമാധാനം നേടുവാനായി രണ്ടു കാര്യങ്ങളിൽ നാം 'യെസ്" പറയേണ്ട ആവശ്യമുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ഒന്നാമതായി അനുരഞ്ജനത്തിന് നാം സമ്മതം നൽകേണ്ടതുണ്ട്. മറ്റുള്ളവരോട് ക്ഷമിച്ചുകൊണ്ട്, ആയുധങ്ങൾ ഉപേക്ഷിച്ച്, ക്രിസ്തു മരണത്തിന്റെ ഉപകരണമായിരുന്ന കുരിശിനെ എപ്രകാരം ജീവന്റെ വൃക്ഷമാക്കി മാറ്റിയോ അതുപോലെ, മറ്റുള്ളവരോട് ക്ഷമിച്ചുകൊണ്ട്, നമ്മളും ജീവന്റെ വൃക്ഷങ്ങളായി മാറണം. മറ്റുള്ളവരെ ശിക്ഷിക്കാൻ ആഗ്രഹിക്കാതിരിക്കുകയും, പ്രതികാരം ചെയ്യാതിരിക്കുകയും മാത്രം പോരാ, അനുരഞ്ജനപ്പെടുകയും ക്ഷമിക്കുകയും വേണം. പുറമെ നിന്നുകൊണ്ട് ഇല്ലാതാക്കാൻ ശ്രമിക്കുന്നതിനേക്കാൾ, ക്ഷമിച്ചുകൊണ്ട് ഉള്ളിൽനിന്ന് യാഥാർഥ്യങ്ങളെ മാറ്റുവാനാണ് നാം ശ്രമിക്കേണ്ടത്. അനുരഞ്ജനപ്പെടുകയെന്നാൽ നാളത്തേക്ക് സൃഷ്ടിക്കുക എന്നാണ് അർഥം. രണ്ടാമത് സമ്മതമേകാനുള്ളത് പ്രതീക്ഷകൾക്കാണ് എന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. അനുരഞ്ജനം ഫലം നൽകുന്ന ഒരു വൃക്ഷമാണെങ്കിൽ, പ്രതീക്ഷ, അതിനെ പുഷ്ടിക്കാൻ സഹായിക്കുന്ന ജലമാണ്. പ്രതീക്ഷയുടെ സ്രോതസ്, യേശുവാണ്. എല്ലാ


കർത്താവിന്റെ അത്ഭുത പീഡാനുഭവ തിരുസ്വരൂപം കുടികൊള്ളുന്ന
പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ
ആലപ്പുഴ പൂങ്കാവ് പള്ളിയിൽ
വിശുദ്ധവാര തീർത്ഥാടനം
2023 ഏപ്രിൽ 2 മുതൽ 09 വരെ
കർത്താവിന്റെ അത്ഭുത
പീഡാനുഭവ തിരുസ്വരൂപവും,
വിശുദ്ധ കുരിശിന്റെയും
12 അപ്പോസ്തലൻമാരുടെയും മറ്റ്
വിശുദ്ധരുടെയും തിരുശേഷിപ്പുകൾ
വണങ്ങുവാനും പ്രാർത്ഥിക്കുവാനും
എല്ലാദിവസവും സൗകര്യം ഉണ്ട്.
വി.കുരിശിന്റെ തിരുശേഷിപ്പ് കപ്പേള
കർത്താവിന്റെ പീഡാനുഭവ തിരുസ്വരൂപ കല്ലറ ദേവാലയം
വരുവിൻ വണങ്ങാം ആരാധിക്കാം.....
വിശുദ്ധവാര തിരുക്കർമ്മങ്ങളുടെ
തൽസമയ സംപ്രക്ഷണം ഉണ്ടായിരിക്കുന്നതാണ്.
YouTube poomkavuchurchlive LIVE
www.poomkavuchurch@gmail.com
Ph: 0477-2258430, 8547861838
പെസഹ വ്യാഴാഴ്ചയിലെ പ്രസിദ്ധമായ ദീപകാഴ്ച
ദുഖവെള്ളിയാഴ്ചയിലെ ശോകസാന്ദ്രമായ നഗരികാണിക്കൽ
പ്രസിദ്ധമായ ഉരുൾ നേർച്ച
പെസഹ വ്യാഴം രാത്രി 8 മണി മുതൽ പ്രസിദ്ധമായ ദീപകാഴ്ച സമർപ്പണം, രാത്രി 12 മണിമുതൽ കരിശിന്റെ വഴിയിലെ ധ്യാനം
ദുഖവെള്ളി രാവിലെ 4 മണിമുതൽ 1 മണിവരെ കുരിശിന്റെ വഴി. രാവിലെ 5 മുതൽ 2 വരെ നേർച്ചക്കഞ്ഞി വിതരണം
ഉച്ചയ്ക്ക് 1 മുതൽ 2വരെ പുത്തൻപാന, അമ്മാനം വായന, വൈ: 3ന് കർത്താവിന്റെ പീഡാനുഭവ സ്മരണ, 5ന് നഗരികാണിക്കൽ



ത്തിന്റെയും അവസാനമെന്നു കരുതിയിരുന്ന കല്ലറയെ പുതിയൊരു തുടക്കത്തിന്റെ ഇടമാക്കി യേശു മാറ്റി. തിന്മകൾ ഏൽക്കേണ്ടി വന്നവർക്കും, അത് ചെയ്തവർക്കും, യേശുവിൽ ഇനിയും പ്രതീക്ഷയുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. വരുന്ന തലമുറയ്ക്കായി പ്രതീക്ഷയുടെ വിത്തുകൾ ഇന്ന് വിതയ്ക്കേണ്ടതുണ്ട്.

സമാധാന സ്ഥാപനത്തിന് വേണ്ടി പരിശ്രമിക്കുന്നവർക്ക് പാപ്പാ നന്ദി പറഞ്ഞു. തങ്ങളുടെ ജീവൻ പണയപ്പെടുത്തിയും സമാധാനത്തിനുവേണ്ടി പരിശ്രമിച്ച ആളുകളുണ്ടെന്ന്, രണ്ടു വർഷങ്ങൾക്ക് മുൻപ് കൊല്ലപ്പെട്ട ലൂക്ക അത്തനാസിയോ എന്ന ഇറ്റാലിയൻ അംബാസഡർ, ഇറ്റാലിയൻ പാരാ മിലിറ്ററി അംഗം വിത്തോറിയോ യാക്കൊവാച്ചി, അവരുടെ ഡ്രൈവർ മുസ്തഫ മിലാമ്പോ എന്നിവരെ പരാമർശിച്ചുകൊണ്ട് പാപ്പാ പറഞ്ഞു.

രാജ്യത്തിന്റെ കിഴക്കൻ ഭാഗത്ത് അക്രമത്തിനിരയായവരുമായി അപ്പോസ്തോലിക് നുൺഷിയോയുടെ ആസ്ഥാനത്തു വച്ച് പാപ്പാ കൂടിക്കാഴ്ച നടത്തി. അവിടത്തെ പൊന്തിഫിക്കൽ പ്രാധാന്യമുള്ള ഹാളാണ് അതിനായി സജ്ജീകരിച്ചിരുന്നത്. ഗാനാലാപനത്തോടെ ആരംഭിച്ച കൂടിക്കാഴ്ചയിൽ ഒരു വീഡിയോ പ്രദർശനത്തിനു ശേഷം ബ്യൂട്ടേംബോ-ബെനി, ഗോമ,ബുനിയ,ബുക്കാവ്, ഉവിര എന്നീ പ്രദേശങ്ങളിൽ നടന്ന ആക്രമണത്തിൽ ഇരകളായവർ നടത്തിയ സാക്ഷ്യങ്ങളുണ്ടായിരുന്നു. അവയെല്ലാം ശ്രദ്ധാപൂർവ്വം ശ്രവിച്ച പാപ്പാ അതിനു ശേഷം തന്റെ സന്ദേശം നൽകി. പാപ്പായുടെ സന്ദേശം ശ്രവിച്ച ശേഷം അവിടെ സന്നിഹിതരായ പീഡിതർ ക്ഷമിക്കാനുള്ള പ്രതിജ്ഞയെടുത്തു. തുടർന്ന് പാപ്പാ അപ്പോസ്തോലിക ആശീർവാദം നൽകി.

തുടർന്ന് പാപ്പാ ചില കാരുണ്യ പ്രവർത്തകരുടെ പ്രതിനിധികളുമായുള്ള കൂടിക്കാഴ്ച നടത്തി. ടെലിമ ഒൻഗെൻഗെ, ദെ ലാ റീവെ ആശുപത്രിയിലിലെ കുഷ്ഠരോഗികൾ, ഫാസ്റ്റ അസോസിയേഷൻ, ചെൻത്രോ ഡ്രീം, ബോണ്ടെക്കോ ഗ്രാമത്തിൽ നിന്നുള്ള



ബധിരരും–മൂകരുമായവർ, ഫോക്ക് ലോർ പ്രസ്ഥാനത്തിന്റെ പെറ്റി ഫ്ളേം സ്കൂളുക ളിൽ നിന്നുള്ള കാഴ്ചയില്ലാത്ത വിദ്യാർത്ഥികൾ , മ്വാണ്ടയിൽ നിന്നുള്ള ടാപ്പിസ്റ്റ് കന്യാസ്ത്രീ കൾ എന്നിവർ കൂടിക്കാഴ്ചയിൽ സന്നിഹിതരായിരുന്നു. കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഈ ആറ് അസോസിയേഷനുകളുടെ ഹ്രസ്വ അവതരണങ്ങൾ വീക്ഷിച്ച ശേഷം ഫ്രാൻസിസ് പാപ്പാ തന്റെ സന്ദേശം നൽകി.

രാവിലെ 9.10 ന് സ്റ്റേഡിയത്തിൽ എത്തിയ പാപ്പാ യുവജനങ്ങൾക്കിടയിലൂടെ സഞ്ചരിച്ച ശേഷമാണ് വേദിയിലെത്തിയത്.മെത്രാൻ സമിതിയുടെ അൽമായർക്കായുള്ള കാര്യാല യാധ്യക്ഷൻ പാപ്പായ്ക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് ഒരു യുവാവിന്റെ സാക്ഷ്യമുണ്ടാ യിരുന്നു. അതിന് ശേഷം പരമ്പരാഗത നൃത്തം അരങ്ങേറി.ഒരു മതബോധന അദ്ധ്യാ പകന്റെ സാക്ഷ്യത്തിന് ശേഷം പാപ്പാ സന്ദേശം നൽകി. ഭൗതികവും ആത്മീയവുമായി കടുത്ത വെല്ലുവിളികൾ നേരിടുമ്പോഴും യാതനകൾ ഏറ്റുവാങ്ങിത്തന്നെ ദൈവാശ്രയ ബോധം കൈവിടാതിരിക്കാൻ യത്നിക്കുന്ന ആഫ്രിക്കൻ ജനതയോടു പൊതുവായും യു വജനങ്ങളോടു പ്രത്യേകിച്ചുമുള്ള തന്റെ കരുതലും വാൽസല്യവും പ്രകടമാക്കുന്നതായിരു ന്നു ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ. പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ:
നിങ്ങളുടെ കൈകൾ സ്വർഗത്തിലേക്ക് ഉയർത്തി ആഘോഷിക്കുമ്പോൾ, നിങ്ങളുടെ കണ്ണുകളിലേക്ക് നോക്കുവാനും, നിങ്ങളെ അഭിസംബോധന ചെയ്യുവാനും നിങ്ങളെ അനുഗ്രഹിക്കാനും സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പൊതുവായ അരക്ഷിത ബോധത്തെ കൂസാതെയുള്ള നിങ്ങളുടെ സ്നേഹത്തിനും, നൃത്ത ചുവടുകൾക്കും, വാക്കുകൾക്കും നന്ദി!
കുറച്ച് നേരത്തേക്ക്, എന്നെ നോക്കാതെ നിങ്ങളുടെ കൈകളിലേക്ക് നോക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ കൈപ്പത്തികൾ തുറന്ന് അവയിലേക്കു നോക്കുക.

സുഹൃത്തുക്കളേ, ദൈവം നിങ്ങളുടെ കൈകളിലേക്കാണ് ജീവന്റെയും സമൂഹത്തിന്റെയും ഈ മഹത്തായ രാജ്യത്തിന്റെയും ഭാവി സമ്മാനിച്ചിരിക്കുന്നത്. നിങ്ങളുടെ കൈകൾ ചെറുതും ദുർബലവും ശൂന്യവും അത്തരം മഹത്തായ ജോലികൾക്ക് യോഗ്യമല്ലാത്തതായും തോന്നുന്നപക്ഷം ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: എല്ലാ കൈകളും ഒരുപോലെയാണ്, എന്നാൽ ഒന്ന് മറ്റൊന്നിനെപ്പോലെയല്ല; നിങ്ങളുടേതിന് തുല്യമായ കൈകൾ ആർക്കുമില്ല, അതിനാൽ നിങ്ങൾ അതുല്യവും ആവർത്തിക്കാനാവാത്തതും സമാനതകളില്ലാത്തതുമായ സമ്പത്താണ്.

ചരിത്രത്തിൽ നിങ്ങൾക്ക് പകരം നിൽക്കാൻ ആർക്കും കഴിയില്ല. അപ്പോൾ സ്വയം ചോദിക്കുക: എന്റെ ഈ കൈകൾ എന്തിനു വേണ്ടിയാണ്? പണിതുയർത്തുവാനോ? നശിപ്പിക്കാനോ? ദാനം ചെയ്യാനോ? പൂഴ്ത്തിവെക്കാനോ? സ്നേഹിക്കാനോ? വെറുക്കാനോ? നോക്കൂ! കൈകൾ നാം മുറുക്കി അടയ്ക്കുകയാണെങ്കിൽ, അത് ഒരു മുഷ്ടിയായി മാറുന്നു; എന്നാൽ കൈകൾ തുറന്നു വയ്ക്കുകയാണെങ്കിലോ, ദൈവത്തിനും മറ്റുള്ളവർക്കുമുള്ള സേവനത്തിനായി ഉപയോഗപ്പെടുന്നു.നാം തിരഞ്ഞെടുപ്പിന്റെ ഔന്നത്യം മനസിലാക്കുന്നതിവിടെയാണ്. പുരാതന കാലം മുതലുള്ള ഈ തിരഞ്ഞെടുപ്പ് നമുക്ക് മനസിലാക്കാനാകും.

തന്റെ വേലയുടെ നല്ല ഫലങ്ങൾ, തുറന്ന മനസോടെ ദൈവത്തിനർപ്പിച്ച ആബേലിന്റെ തുറന്ന കൈകൾക്ക് കടകവിരുദ്ധമായിരുന്നു സഹോദരനെതിരെ മുഷ്ടി ചുരുട്ടിക്കൊണ്ട് അവനെ വധിച്ച കായേന്റെ അടഞ്ഞ കൈകൾ.അതുപോലെയാകരുത്. വേറിട്ട സ്വപ്നം കാണുന്ന യുവജനങ്ങളായ നിങ്ങളിൽ നിന്നാണ് നാളത്തെ സമൂഹം ജനിക്കുന്നത്, നിങ്ങളുടെ കരങ്ങളിൽനിന്നാണ് ഈ നാടിന് അന്യമായ സമാധാനം കൈവരുന്നത്.എപ്രകാരം ഈ വലിയ ആശയം നടപ്പിലാക്കാമെന്ന ചോദ്യവുമായി ബന്ധപ്പെട്ട് ഭാവിക്കു വേണ്ടിയുള്ള ഏതാനും ചേരുവകൾ മുമ്പോട്ടുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കൈയിലെ അഞ്ചു വിരലുകളോട് ബന്ധപ്പെടുത്തി ഞാൻ അത് വിശദീകരിക്കാം.

**പ്രാർത്ഥന 'ആത്മാവിന്റെ ജലം'**

ഹൃദയത്തോട് ഏറ്റവും അടുത്തുള്ള വിരൽ എന്ന നിലയിൽ ജീവിതത്തിന്റെ തന്നെ സ്പന്ദനമായ പ്രാർത്ഥനയുമായി ബന്ധപ്പെട്ടിരിക്കുന്നു തള്ളവിരൽ. പ്രശ്നങ്ങളുടെ മൂർത്തതയിൽ നിന്ന് വളരെ അകലെയുള്ള ഒരു അമൂർത്ത യാഥാർത്ഥ്യമായി ഇത് തോന്നിയേക്കാം. എന്നാൽ പ്രാർത്ഥനയാണ് അടിസ്ഥാനപരമായ ആദ്യത്തെ ഘടകം. കാരണം നമുക്ക് അത് ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ല. നമ്മൾ ആരും സർവ്വശക്തരല്ല, നമ്മൾ അജയ്യരാണെന്ന് എപ്പോഴെങ്കിലും വിചാരിച്ചാലോ, അപ്പോൾ ദയനീയമായി പരാജയപ്പെടുന്നു. വേരോടെ പിഴുതെറിയപ്പെട്ട വൃക്ഷം പോലെയായി തീരുന്നു: വലുതും ബലവുമുള്ളതാണെങ്കിൽപ്പോലും അതിന് സ്വയം നിൽക്കാനാവില്ല. അതുകൊണ്ടാണ് നാം പ്രാർത്ഥനയിൽ വേരുറപ്പിക്കേണ്ടത്.

കെ. സി. ബി. സി. മീഡിയകമ്മീഷൻ
മധുരം സായന്തനം
2023 മാർച്ച് 17
വെള്ളി 4 മണിക്ക്




ദൈവവചന ശ്രവണം നമ്മുടെ ജീവിതത്തെ തന്നെ ആഴത്തിൽ വളരാനും ഫലം കായ്ക്കാനും നമ്മുടെ മലിനീകരണ ശ്വാസത്തെ പോലും സുപ്രധാന ജീവാംശമാക്കി മാറ്റാനും അനുവദിക്കുന്നു. ഇത് ചെയ്യുന്നതിന്, ഓരോ വൃക്ഷത്തിനും ലളിതവും അത്യാവശ്യവുമായ ഒരു ഘടകം ആവശ്യമാണ്: ജലം. പ്രാർത്ഥന 'ആത്മാവിന്റെ ജലം' ആണ്: അത് ലളിതവും, കാണാൻ കഴിയുന്നതുമല്ല, എങ്കിലും അത് ജീവൻ നൽകുന്നു. പ്രാർത്ഥിക്കുന്നവർ ഉള്ളിൽ പക്വത പ്രാപിക്കുകയും, തങ്ങൾ സ്വർഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. നമുക്ക് യേശുവിനോടുള്ള പ്രാർത്ഥന ഒരു അവശ്യ ഘടകമാണ്. അകലെയുള്ള ഭീതിപ്പെടുത്തുന്ന ഒരു വ്യക്തിയല്ല യേശു, മറിച്ച് നമുക്കായി തന്റെ ജീവൻ പോലും ദാനമായി നൽകിയ സുഹൃത്താണ്.

യേശു നിങ്ങളെ അറിയുകയും, വിശ്വസിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്നു. കുരിശിൽ കിടക്കുന്ന അവനെ നോക്കുമ്പോഴാണ് നമ്മെ വിലമതിക്കുന്ന ദൈവത്തെ തിരിച്ചറിയുവാൻ നമുക്ക് സാധിക്കുന്നത്. അതിനാൽ നമ്മുടെ ഭയവും, ഉത്ക്കണ്ഠകളും എല്ലാം അവനെ ഭരമേല്പിക്കണം. നിങ്ങൾ ഇന്ന് വഹിക്കുന്ന വേദനയുടെ ഭാരമേറിയ ഈ കുരിശാണ് രണ്ടായിരം വർഷൾക്ക് മുൻപ് അവൻ വഹിച്ചത്. അതിനാൽ ക്രൂശിതരൂപം കൈകളിൽ എടുത്ത് നെഞ്ചോട് ചേർത്ത് അവന്റെ മുൻപിൽ കരയാൻ ഭയപ്പെടരുത്, അവന്റെ മുഖത്തേക്ക് നോക്കാൻ മറക്കരുത്. ഉയിർത്തെഴുന്നേറ്റ, ഇന്നും ജീവിക്കുന്ന യുവാവിന്റെ മുഖം! അതെ, യേശു തിന്മയെ ജയിച്ചു, അവൻ കുരിശിനെ പുനരുത്ഥാനത്തിലേക്കുള്ള പാലമാക്കി. അതിനാൽ, അവനെ സ്തുതിക്കാനും, അവനെ പുകഴ്ത്തുവാനും എല്ലാ ദിവസവും നിങ്ങളുടെ കൈകൾ അവനിലേക്ക് ഉയർത്തുക; നിങ്ങളുടെ ഹൃദയത്തിന്റെ പ്രതീക്ഷകൾ അവനോട് വിളിച്ചുപറയുക, ജീവിതത്തിലെ ഏറ്റവും അടുപ്പമുള്ള രഹസ്യങ്ങൾ അവനോട് പങ്കുവയ്ക്കുക.

മണിക്കൂറുകളോളം ഫോണുകൾക്ക് മുന്നിൽ ചെലവഴിക്കുന്ന യുവാക്കളെ കാണുമ്പോൾ സങ്കടമുണ്ട്: പിന്നീട് അവരുടെ മുഖത്തേക്ക് നോക്കുമ്പോൾ അവർ പുഞ്ചിരിക്കുന്നില്ല, അവരുടെ നോട്ടം ക്ഷീണവും വിരസവുമായി തീരുന്നു. കൂട്ടായ്മയുടെ കരുത്തിനെയും, കണ്ണുകളുടെ പ്രകാശത്തെയും, പങ്കുവയ്ക്കുന്നതിന്റെ സന്തോഷത്തെയും, പകരം വയ്ക്കാൻ



മറ്റൊന്നിനും കഴിയില്ല! പരസ്പരം സംസാരിക്കുകയും കേൾക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്: സ്ക്രീനിൽ എല്ലാവരും അവർക്ക് താൽപര്യമുള്ള കാര്യങ്ങൾക്കായി തിരയുമ്പോൾ, മറ്റുള്ളവർ അവരുടെ ജീവിതകഥകളിലൂടെയും അവരുടെ അനുഭവങ്ങളിലൂടെയും നമ്മെ അത്ഭുതപ്പെടുത്തുന്നതിന്റെ സൗന്ദര്യം എല്ലാ ദിവസവും കണ്ടെത്തുക.

കൂട്ടായ്മ സൃഷ്ടിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് നമുക്ക് മനസിലാക്കാൻ ശ്രമിക്കാം: കുറച്ച് നിമിഷത്തേക്ക്, നിങ്ങളുടെ അടുത്തുള്ളവരുടെ കരം ചേർത്തുപിടിക്കുക. ഒരു സഭ, ഒരു ജനത എന്ന തോന്നൽ നിങ്ങൾക്കുണ്ടാവും. നിങ്ങളുടെ നന്മ മറ്റൊരാളെ ആശ്രയിച്ചിരിക്കുന്നുവെന്ന് നിങ്ങൾക്ക് മനസിലാകും, കൂട്ടായ്മയിൽ എല്ലാം ഇരട്ടിക്കുന്നു. നിങ്ങളുടെ സഹോദരനും സഹോദരിയും, നീ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ നിങ്ങളെ സ്വീകരിക്കുകയും നിങ്ങളെ പരിപാലിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കരുതലാണ് നാം ഇവിടെ അനുഭവിക്കുന്നത്. പരസ്പരം പിന്തുണയ്ക്കുന്നവരും, ഒഴിച്ചുകൂടാനാവാത്തവരുമായവരുടെ സാഹോദര്യത്തിന്റെ ഒരു വലിയ ശൃംഖലയുടെ ജീവനുള്ള ഭാഗമാണ് നമ്മൾ.

മറ്റുള്ളവരോടുള്ള നമ്മുടെ ഉത്തരവാദിത്തബോധം എപ്പോഴും ഓർക്കണം. അതെ, നിങ്ങളുടെ സഭയ്ക്കും നിങ്ങളുടെ രാജ്യത്തിനും നിങ്ങൾ ഒഴിച്ചുകൂടാനാവാത്തതും ഉത്തരവാദിത്വബന്ധിതനുമായ വ്യക്തിയാണ്; നിങ്ങൾ ഒരു വലിയ ചരിത്രത്തിന്റെ ഭാഗമാണ്. അത് നിങ്ങളെ ഒരു നായകനാകാൻ വിളിക്കുന്നു: കൂട്ടായ്മയുടെ നിർമ്മാതാവായും, സാഹോദര്യത്തിന്റെ യോദ്ധാവായും, കൂടുതൽ ഏകീകൃതമായ ലോകത്തിന്റെ അദമ്യമായ സ്വപ്നം നാം നേടിയെടുക്കണം.

ഈ സാഹസികതയിൽ നിങ്ങൾ ഒറ്റയ്ക്കല്ല: ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന മുഴുവൻ സഭയും നിങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. ബുദ്ധിമുട്ടുള്ള ഒരു വെല്ലുവിളിയല്ലേ ഇത്? അതെ, പക്ഷേ ഇത് സാധ്യമായ ഒരു വെല്ലുവിളിയാണ്. സ്വർഗത്തിൽ നിന്ന് നിങ്ങളെ



ഈ ലക്ഷ്യങ്ങളിലേക്ക് തള്ളിവിടുന്ന സുഹൃത്തുക്കളും നിങ്ങൾക്കുണ്ട്. അതാരാണെന്ന് അറിയാമോ? ഈ പ്രദേശത്തു നിന്നുള്ള വിശുദ്ധന്മാർ. വിശ്വാസത്തിന്റെ ഉത്തമ സാക്ഷികളും, അക്രമത്തിന്റെ യുക്തിക്ക് ഒരിക്കലും വഴങ്ങാത്തവരമായ രക്തസാക്ഷികൾ. സ്വന്തം ജീവിതം കൊണ്ട് സ്നേഹത്തിന്റെയും, ക്ഷമയുടെയും ശക്തിയെ അവർ ഏറ്റുപറഞ്ഞു. സ്വർഗത്തിൽ എഴുതപ്പെട്ട അവരുടെ പേരുകൾ ചരിത്രത്തിൽ എന്നും നിലനിൽക്കും.

<u>സത്യബന്ധിതൻ ക്രിസ്ത്യാനി</u>

പ്രാർത്ഥനയും സമൂഹവും കഴിഞ്ഞ് നമ്മൾ കേന്ദ്ര വിരലിൽ എത്തുന്നു. മറ്റു വിരലുകളെക്കാൾ കേന്ദ്ര വിരൽ ഉയർന്നിരിക്കുന്നതുപോലെ, മഹത്തരമായ ഒരു കാര്യത്തെ അത് ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ പ്രതീക്ഷകൾക്ക് അനുസൃതമായി ജീവിക്കേണ്ടുന്ന ഒരു ഭാവിയുടെ അടിസ്ഥാന ഘടക മാണിത്. സത്യസന്ധത! ക്രിസ്ത്യാനിക്ക് സത്യസന്ധനായിരിക്കാൻ മാത്രമേ കഴിയൂ, അല്ലാത്തപക്ഷം അവൻ തന്റെ വ്യക്തിത്വത്തെത്തന്നെ ഒറ്റിക്കൊടുക്കുന്നു.

ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നത് ക്രിസ്തുവിന് സാക്ഷ്യം വഹിക്കലാണ്. അതിനുള്ള ആദ്യ മാർഗം ക്രിസ്തു ആഗ്രഹിക്കുന്നതുപോലെ നീതിയോടെ ജീവിക്കുകയെന്നതാണ്. അഴിമതിയുടെ കെണികളിൽ നിങ്ങളെത്തന്നെ കുടുങ്ങാൻ അനുവദിക്കരുത് എന്നാണ് ഇതിനർത്ഥം. സത്യസന്ധതയില്ലാതെ നാം യേശുവിന്റെ ശിഷ്യന്മാരും സാക്ഷികളുമല്ല; മറിച്ച് നാം വിജാതീയരാണ്, ദൈവത്തെക്കാൾ സ്വയം ആരാധിക്കുന്ന വിഗ്രഹാരാധകരാണ്, മറ്റുള്ളവരെ സേവിക്കുന്നതിനു പകരം മറ്റുള്ളവരെ ഉപയോഗിക്കുന്നവരാണ്.

വികസിക്കുന്നതും ഒരിക്കലും അവസാനിക്കാത്തതുമായ അഴിമതിയുടെ ക്യാൻസറിനെ നിങ്ങൾ എങ്ങനെ പരാജയപ്പെടുത്തും? ബുദ്ധിമാന്മാരും, മിടുക്കരുമായ ആളുകൾ

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ
## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

ഉണ്ടാവും; എന്നാൽ അവർ അഴിമതിക്കാർ ആണെങ്കിലോ? അഴിമതിക്കാരായ ഒരു മനുഷ്യൻ സത്യസന്ധനാണോ അല്ലയോ? എല്ലാവരും ചേർന്ന് പറയുക, അഴിമതി ഒഴിഞ്ഞുപോകട്ടെ. 'തിന്മയാൽ നിങ്ങൾ ജയിക്കരുത്, നന്മകൊണ്ട് തിന്മയെ ജയിക്കുക'.

നാലാമത്തെ വിരൽ, മോതിര വിരലിലാണ്. അവിടെയാണ് നാം വിവാഹ മോതിരങ്ങൾ ഇടുന്നത്. പക്ഷേ, നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, മോതിര വിരലാണ് ഏറ്റവും ദുർബലമായ വിരൽ. എഴുന്നേൽക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ളതും. ജീവിതത്തിന്റെ മഹത്തായ ലക്ഷ്യങ്ങൾ,എല്ലാറ്റിനുമുപരിയായി സ്നേഹം, ദുർബലതയിലൂടെയും, ബുദ്ധിമുട്ടുകളിലൂടെയും കടന്നുപോകുന്നുവെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ബലഹീനതകളിൽ, പ്രതിസന്ധികളിൽ, നമ്മെ മുന്നോട്ട് നയിക്കുന്ന ശക്തി എന്താണ്? ക്ഷമ. കാരണം ക്ഷമിക്കുക എന്നതിനർത്ഥം എങ്ങനെ വീണ്ടും തുടങ്ങണമെന്ന് അറിയുക എന്നതാണ്. സുഹൃത്തുക്കളേ, ഒരു പുതിയ ഭാവി സൃഷ്ടിക്കാൻ നാം ക്ഷമ നൽകുകയും സ്വീകരിക്കുകയും വേണം. ഒരു നിമിഷം നമുക്ക് നിശ്ശബ്ദരായിരുന്നു കൊണ്ട് നമ്മെ ദ്രോഹിച്ചവരെ ഓർക്കാം. ദൈവത്തിന് മുൻപിൽ നാം സമർപ്പിക്കുന്ന ഈ നിശബ്ദതയിൽ അവരോട് നമുക്ക് ക്ഷമിക്കാം.
നമ്മൾ നാലു വിരലുകളെ പറ്റി സംസാരിച്ചു; പ്രാർത്ഥന ,കൂട്ടായ്മ ,സത്യസന്ധത ,ക്ഷമ. അവസാനമായി ചെറുവിരലാണ്. നിങ്ങൾക്ക് ഇങ്ങനെ പറയാം: ഞാൻ ചെറുതാണ്, എനിക്ക് ചെയ്യാൻ കഴിയുന്നത് സമുദ്രത്തിലെ ഒരു തുള്ളി മാത്രമാണ്. എന്നാൽ, ദൈവത്തെ ആകർഷിക്കുന്നത്, സ്വയം ചെറുതാക്കുന്നതാണ്. ഈ അർത്ഥത്തിൽ ഒരു പ്രധാന പദമുണ്ട്: സേവനം. സേവിക്കുന്നവർ സ്വയം ചെറുതാകുന്നു. ഈ സംവേദനത്തിനു വിരാമം കുറിക്കവേ , ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു: ഒരിക്കലും നിരുത്സാഹപ്പെടരുത്! നിരുത്സാഹ വേളയിലും ഒറ്റപ്പെടുമ്പോഴും 'സുവിശേഷം എടുത്ത് വായിക്കുക. യേശുവിനെ നോക്കുക. അത് നിങ്ങളെ ആശ്വസിപ്പിക്കും, അത് നിങ്ങൾക്ക് സന്തോഷം നൽകും.'.

അപ്പസ്തോലിക യാത്രയുടെ അവസാന ദിനത്തിൽ ഫ്രാൻസിസ് പാപ്പാ ദേശീയ മെത്രാൻ സമിതിയുടെ (സെൻകോ) ആസ്ഥാനത്താണ് രാജ്യത്തെ വൈദിക മേലധ്യക്ഷന്മാരുമായി കൂടിക്കാഴ്ച നടത്തിയത്. 2022 ജൂലൈയിൽ നടത്താൻ നിശ്ചയിച്ചിരുന്ന സന്ദർശനത്തെ അനുസ്മരിച്ച പാപ്പാ തന്റെ സന്ദർശനത്തിനായി രണ്ടുതവണ അവർ ഒരുങ്ങേണ്ടി വന്നതിനെ പ്രതി അവരോടു ക്ഷമാപണം നടത്തി. കോംഗോയിലെ ജനങ്ങളുടെ വിശ്വാസം വളർത്തിയെടുക്കുന്നതിനും അവിടത്തെ ഹരിതാഭമായ വനത്തിന്റെ വിശാലതയിൽ 'സൃഷ്ടിയുടെ സൗന്ദര്യം' സംരക്ഷിക്കുന്നതിനുമുള്ള അവരുടെ ദൗത്യത്തെക്കുറിച്ചും പാപ്പാ അവരോടു സംസാരിച്ചു.പ്രാദേശിക സഭയും അവരുടെ ജനങ്ങൾ അനുഭവിക്കുന്ന പരീക്ഷണങ്ങളിൽ അവരോടൊപ്പം കഷ്ടപ്പെടുകയും അവരുടെ സന്തോഷങ്ങളിൽ ആനന്ദിക്കുകയും ചെയ്യുന്നുവെന്ന് പാപ്പാ പറഞ്ഞു.
കർത്താവിന്റെ സമർപ്പണ തിരുനാൾ ദിനത്തിൽ വൈദികരും, ഡീക്കന്മാരും, സമർപ്പിതരും, സെമിനാരിക്കാരുമായി കിൻഷാസായിലെ കോംഗോ മാതാവിന്റെ നാമധേയത്തിലുള്ള കത്തീഡ്രലിൽ ഫ്രാൻസിസ് പാപ്പാ കൂടിക്കാഴ്ച നടത്തി. ശിമയോനും ഉണ്ണിയേശുവുമായുള്ള കൂടിക്കാഴ്ചയെ ധ്യാന വിഷയമാക്കികൊണ്ട് 'യേശുവിനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുമ്പോൾ നമ്മുടെ കാഴ്ചപ്പാടുകൾക്ക് മാറ്റുണ്ടാകും, നമ്മുടെ എല്ലാ പരിശ്രമങ്ങളിലും ബുദ്ധിമുട്ടുകളിലും, അവന്റെ വെളിച്ച വലയമുള്ളതായും, അവന്റെ ആത്മാവിനാൽ ആശ്വസിപ്പിക്കപ്പെട്ടതായും അവന്റെ വചനത്താൽ ധൈര്യപ്പെടുത്തുന്നതായും അവന്റെ സ്നേഹത്താൽ പിന്താങ്ങുന്നതായും നമുക്ക് അനുഭവമാകും' – പാപ്പാ അവരോടു പറഞ്ഞു.



തെക്കൻ സുഡാനിൽ നടന്ന എക്യുമെനിക്കൽ പ്രാർത്ഥനാസമ്മേളനത്തിൽ, ഒരുമിച്ച് വിശ്വാസം ജീവിച്ച് സമൂഹത്തിനും രാഷ്ട്രത്തിനും സമാധാന സ്ഥാപനത്തിന്റെ മാതൃകകളാകാൻ ഫ്രാൻസിസ് പാപ്പാ എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്തു. പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, സഞ്ചരിക്കുക എന്നീ മൂന്ന് കാര്യങ്ങളെക്കുറിച്ചാണ് പതിനായിരക്കണക്കിന് പേർ പങ്കെടുത്ത സമ്മേളനത്തിലെ പ്രഭാഷണത്തിൽ പാപ്പാ വിചിന്തനം ചെയ്തത്.

ദൈവത്തിനും മനുഷ്യർക്കും എതിരായുള്ള ശത്രുതയുടെ ആത്മാവാണ് വിഭജനത്തിലേക്ക് നയിക്കുന്നത്. ക്രൈസ്തവർ എന്ന് പറയുന്നവർ ഏതു ഭാഗത്ത് നിൽക്കണമെന്ന് തീരുമാനമെടുക്കണം. യുദ്ധത്തിനും അക്രമത്തിനും കാരണമാകുന്നവർ, ദൈവത്തെ ഒറ്റുകൊടുക്കുകയും അവന്റെ സുവിശേഷത്തെ തള്ളിപ്പറയുകയുമാണ് ചെയ്യുന്നത്. ശത്രുക്കളെ പോലും സ്നേഹിക്കുന്നതാണ് ക്രൈസ്തവ സ്നേഹം. അതുകൊണ്ടുതന്നെ നമ്മുടെ വിശ്വാസം പങ്കുവയ്ക്കുന്നവരുമായി ഇത് എത്രയധികം ആവശ്യമുണ്ട്?.ഏവരും ഒന്നായിരിക്കുക (യോഹന്നാൻ 17, 21) എന്നതാണ് പിതാവിനോട് നമുക്കു വേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥന. സുവിശേഷം യാഥാർഥ്യമായി മാറുന്നതിനുവേണ്ടി നമുക്ക് പരിശ്രമിക്കാമെന്ന് പാപ്പാ ആഹ്വാനം ചെയ്തു.

**ചിതറിപ്പോയവർക്കൊപ്പം**

അപ്പസ്തോലിക പര്യടനത്തിലെ ആദ്യ ദിനമായിരുന്ന ശനിയാഴ്ച വൈകുന്നേരം പാപ്പായുടെ പ്രഥമ പരിപാടി സുഡാനിൽ സംഘർഷങ്ങൾ മൂലം ചിതറിപ്പോയ ജനങ്ങളുമായുള്ള കൂടിക്കാഴ്ചയായിരുന്നു.പാപ്പാ താമസിച്ചിരുന്ന അപ്പസ്തോലിക് നൺഷിയേച്ചറിൽ നിന്ന് 2 കിലോമീറ്റർ അകലെ രണ്ടായിരം പേർക്ക് ഇരിപ്പിട സൗകര്യമുള്ള 'ഫ്രീഡം ഹാളിൽ' ആയിരുന്നു കൂടിക്കാഴ്ചയ്ക്കുള്ള വേദി സജ്ജീകരിച്ചിരുന്നത്. സുഡാൻ ജനതയുടെ വിമോചന സേനയെ നയിച്ച പോരാളിയും രാഷ്ട്രീയ പ്രവർത്തകനും, സമാധാന ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടതിനു ശേഷം സുഡാന്റെ വൈസ് പ്രസിഡന്റും ആയിരുന്ന ജോൺ ഗാരംങ്ദെ മബിയോറിന്റെ ശവകുടീരത്തിനു സമീപമാണ് ഫ്രീഡം ഹാൾ. ഹെലിക്കോപ്റ്റർ അപകടത്തിലായിരുന്നു അദ്ദഹത്തിന്റെ അകാല മരണം.

ഗാനാനന്തരം സ്കോട്ട്ലണ്ടിലെ സഭയുടെ മോഡറേറ്റർ ഇയായിൻ ഗ്രീൻഷീൽഡ്സിന്റെ പ്രാരംഭ പ്രാർത്ഥനയോടെ കൂടിക്കാഴ്ച്ക്ക് തുടക്കമായി. 'കൃപാലുവായ സ്വർഗ്ഗീയ പിതാവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഒരുമിച്ചുകൂടുന്നു' എന്നാരംഭിച്ച പ്രാർത്ഥന 'തീർച്ചയായും ഇതൊരു

പുതിയ തുടക്കത്തിന്റെ സ്വാതന്ത്ര്യമുള്ള പ്രതീക്ഷയുടെ ഇടമായിരിക്കട്ടെ' എന്ന ദൈവിക പ്രത്യാശ പങ്കുവയ്ക്കുന്നതായിരുന്നു.'അങ്ങയുടെ നാമത്തിൽ ഞങ്ങൾ ഒന്നിച്ചു കൂടുമ്പോഴെല്ലാം അങ്ങ് ആത്മാവു വഴി ഞങ്ങളോടു കൂടെ ഉണ്ടായിരിക്കുമെന്ന അങ്ങയുടെ വാഗ്ദാനം ഞങ്ങൾ മനസ്സിൽ താലോലിക്കുന്നു' എന്നും മോഡറേറ്റർ പ്രാർത്ഥിച്ചു. സുഡാനിൽ ചിതറപ്പെട്ട ജനങ്ങളുടെ അവസ്ഥ അവതരിപ്പിക്കുന്ന ഒരു വീഡിയോ പ്രദർശനമായിരുന്നു തുടർന്ന്. തദനന്തരം ബെൻത്തിയു, മലാക്കൽ, ജൂബ എന്നിവിടങ്ങളിലെ മൂന്ന് അഭയകേന്ദ്രങ്ങളിൽ നിന്നുള്ള ഓരോ കുട്ടി വീതം സാക്ഷ്യം നല്കി.

പ്രഭാഷണാനന്തരം ഫ്രാൻസിസ് പാപ്പായും കാന്റർബറി ആർച്ച്ബിഷപ്പും സ്കോട്ട്ലണ്ടിലെ സഭയുടെ മോഡറേറ്റർ ഇയായിൻ ഗ്രീൻഷീൽഡ്സും ചേർന്ന് ആശീർവ്വാദം നല്കി. തുടർന്ന് ഒരു പാരമ്പ്യ നൃത്തത്തോടുകൂടിയായിരുന്നു ഈ മഹാസംഗമത്തിന്റെ സമാപനം. തദനന്തരം പാപ്പാ, സുഡാൻ ജനതയുടെ വിമോചന പ്രസ്ഥാനത്തിന്റെയും സൈന്യത്തിന്റെയും തലവനായിരുന്ന ജോൺ ഗാരാംഗിന്റെ ശവകുടീരത്തിലേക്കു പോയി. ഫ്രീഡം ഹാളിൽ നിന്ന് 500 മീറ്റർ മാത്രം അകലെ സ്ഥിതിചെയ്യുന്ന അവിടെ ഒരുക്കിയിരുന്ന വേദിയിൽ കാന്റർബറി ആർച്ച്ബിഷപ്പ് സ്കോട്ട്ലണ്ടിലെ സഭയുടെ മോഡറേറ്റർ എന്നിവർക്കൊപ്പം എക്യുമെനിക്കൽ പ്രാർത്ഥനയിൽ പാപ്പാ പങ്കെടുത്തു.

## സ്നേഹ സ്മാരക മുദ്ര

തന്റെ ഈ അജപാലന സന്ദർശനത്തിന്റെ സമാപനദിനമായിരുന്ന ഞായറാഴ്ച രാവിലെ ജോൺ ഗാരാംഗിന്റെ സ്മൃതിമണ്ഡപമുള്ള ചത്വരത്തിൽ പാപ്പാ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. അപ്പസ്തോലിക് നൺഷിയേച്ചറിന് തന്റെ ഇടയസന്ദർശനത്തിന്റെ ഒരു സ്മാരക മുദ്ര സമ്മാനിച്ചതിനു ശേഷം വിടചൊല്ലിയ പാപ്പാ കാറിൽ യാത്രയായി. ബലിവേദി ഒരുക്കിയിരുന്ന സ്മൃതിമണ്ഡപ ചത്വരത്തിനടുത്തെത്തിയ പാപ്പാ പേപ്പൽ വാഹനത്തിലേക്കു മാറി കയറുകയും അവിടെ സന്നിഹിതരായിരുന്ന എഴുപതിനായിരത്തിലേറെ വരുന്ന വിശ്വാസികളുടെ ഇടയിലൂടെ അവരെ അഭിവാദ്യം ചെയ്തുകൊണ്ട് കടന്നുപോകുകയും ചെയ്തു. പേപ്പൽ വാഹനത്തിൽ പാപ്പായ്ക്കൊപ്പം ജൂബാ അതിരൂപതയുടെ ആർച്ച്ബിഷപ്പ് സ്റ്റീഫൻ അമെയൂ മാർട്ടിൻ മുള്ളയും ഉണ്ടായിരുന്നു.
ആംഗല ഭാഷയിലായിരുന്നു വിശുദ്ധ കുർബ്ബാന. പ്രവേശന ഗാനം ആരംഭിച്ചപ്പോൾ സഹകാർമ്മികർ പ്രദക്ഷിണമായി ബലിവേദിയിലേക്കു നീങ്ങി. അപ്പോൾ ബലിവേദിക്കു മുന്നിൽ, നാട്ടു പാരമ്പര്യമനുസരിച്ച് പ്രവേശനഗാനത്തിനനുസൃതം നൃത്തവും അരങ്ങേറുന്നുണ്ടായിരുന്നു. ദിവ്യബലിയിൽ മിക്കവാറും തന്നെ ഗാനങ്ങൾക്കൊപ്പം നൃത്തം ഉണ്ടായിരുന്നു. പാപ്പാ ബലിവേദിയിലെത്തി വിശുദ്ധ കുർബ്ബാന ആരംഭിച്ചു. വിശുദ്ധ ഗ്രന്ഥ വായനകൾക്കു ശേഷം പാപ്പാ സുവിശേഷ സന്ദേശം നല്കി.

ദക്ഷിണ സുഡാനിൽ നിന്നു പുറപ്പെട്ട വിമാനം സുഡാൻ, ഈജിപ്ത്, ഗ്രീസ്, ഇറ്റലി എന്നീ രാജ്യങ്ങളുടെ വ്യോമപാത ഉപയോഗപ്പെടുത്തി. ഈ രാജ്യങ്ങളുടെ മുകളിലൂടെ പറക്കവേ ഒരോ രാജ്യത്തിന്റെയും മുകളിൽവച്ച് നാട്ടുകാർക്കും നാടിനും നന്മ നേർന്നുള്ള സമാധാനാശംസകളും പ്രാർത്ഥനകളും അടങ്ങിയ ടെലഗ്രാം സന്ദേശം അതാതു നാടുകളുടെ തലവന്മാർക്ക് പാപ്പാ അയച്ചു. വിമാനത്തിൽ മാദ്ധ്യമപ്രവർത്തകരുമായി പതിവുപോലെ സംവദിക്കാനും പാപ്പാ സമയം കണ്ടെത്തി.ലെ സംവദിക്കാനും പാപ്പാ സമയം കണ്ടെത്തി. ❍



# അനുഭവങ്ങളും അക്ഷരങ്ങളും ഇഴ ചേർന്ന ഒരു പൗരോഹിത്യ ജീവിതത്തിന്റെ നേർക്കാഴ്ചകൾ !



**ഡോ.ദീപ മേരി ജോസഫ്**
അസി. പ്രൊഫസർ മലയാളം
സെൻറ്. ജോൺസ് കോളേജ്, അഞ്ചൽ

പുരോഹിത ജീവിതത്തെ പ്രതിപാദിക്കുന്ന നിരവധി കൃതികൾ മലയാളഭാഷയിലുണ്ടായിട്ടുണ്ട്. അവയിൽ വൈയക്തികവും സാമൂഹികവും സർഗ്ഗാത്മകവുമായ ജീവിതത്തെ പുരോഹിതജീവിതത്തോട് കൂട്ടിയിണക്കി ആവിഷ്കരിക്കുന്ന പുസ്തകങ്ങൾ വിരലിലെണ്ണാവുന്നവയേയുള്ളൂ. അക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ് ഫാ. തോമസ് കുഴിനാപ്പുറത്തെക്കുറിച്ച് ഫാ. ജൂബി കുഴിനാപ്പുറത്ത് എഡിറ്റു ചെയ്ത് ദി കമ്മീഷൻ ഫോർ തിയോളജി പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച 'അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ: ഒരു വൈദികന്റെ സർഗ്ഗാത്മക ജീവിതം' എന്ന ജീവചരിത്രം. ഈശ്വരവരത്താൽ കാത്തു സംരക്ഷിക്കപ്പെട്ട അനശ്വരമായ വൈദികജീവിതത്തെയാണ് 'അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ' എന്ന പുസ്തകം അടയാളപ്പെടുത്തുന്നതെന്നു വ്യക്തം.

തോമസ് കുഴിനാപ്പുറത്തച്ചന്റെ പൗരോഹിത്യജീവിതത്തെ നാല് വ്യത്യസ്ത തലങ്ങളിലൂടെ സമഗ്രമായി ഈ പുസ്തകം അവതരിപ്പിക്കുന്നു. നാല് ഭാഗങ്ങളായി




ഇരുന്നൂറ്റി അൻപത് പേജു കളിലാണ് ഈ പുസ്തകത്തെ ഫാ. ജൂബി കുഴിനാപ്പുറത്ത് ക്രമപ്പെടുത്തിയിരിക്കുന്നത്. ഒന്നാം ഭാഗമായ 'ആത്മ സ്പന്ദനങ്ങൾ' എഴുതിയത് ജോയി വളവിലും, രണ്ടാം ഭാഗമായ 'യാത്രകൾ അറി വിന്റെ പുതിയ വെളിച്ചങ്ങൾ' എഴുതിയത് ഗീത വിൻസെന്റുമാണ്. 'ഓർമ്മകളുടെ ചിത്രശാല' എന്ന തല ക്കെട്ടിലുള്ള മൂന്നാംഭാഗം ചിത്രങ്ങളുടെ ശേഖരമാണ്. നാലാംഭാഗമായ 'സാഹിത്യസപര്യ'യിൽ അച്ചന്റെ ഗ്രന്ഥങ്ങളെയും പ്രബന്ധങ്ങളെയും കുറിച്ചുള്ള വ്യത്യസ്ത ലേഖകരുടെ പഠനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഒന്നുമുതൽ അഞ്ച് വരെയുള്ള അധ്യായങ്ങളിൽ കുഴിനാപ്പുറത്തച്ചന്റെ ബാല്യകാല ജീവിതത്തെ ഹൃദ്യതയോടെ അടയാളപ്പെടുത്തുന്നു. ഓമല്ലൂരിന്റെ ഗ്രാമകാഴ്ചയിലൂടെയാണ് ഇത് ആരംഭിക്കുന്നത്. ദേശം വ്യക്തിയുടെ സ്വത്വനിർമ്മിതിയുടെ ഭാഗമായി മാറാറുണ്ട്. ഓമല്ലൂർ എന്ന കൊച്ചുഗ്രാമവും അതിന്റെ ചരിത്രവും കാർഷിക സംസ്കാരവും അച്ചന്റെ ജീവിതത്തെ നിർണയിച്ച ഒന്നായിരുന്നു. ചീക്കനാൽ ഗവ. എൽ.പി സ്കൂളിലെയും, ഓമല്ലൂർ ആര്യഭാരതി സ്കൂളിലെയും വിദ്യാഭ്യാസകാലം, അദ്ധ്യാപകരെക്കുറിച്ചുള്ള ഓർമ്മകൾ ഇവയെല്ലാം ഈ അധ്യായങ്ങളിൽ സൂക്ഷിക്കുന്നു.

ആറു മുതൽ പത്തു വരെയുള്ള അധ്യായങ്ങൾ, സെമിനാരി പഠനത്തിനായി ചേർന്നകാലം മുതൽ പൗരോഹിത്യസ്വീകരണംവരെയുള്ള കാലയളവിനെ അടയാളപ്പെടുത്തുന്നു. സെമിനാരിയിൽ ചേരാനെത്തിയപ്പോൾ അന്ന് ആർച്ച് ബിഷപ്പായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ചോദിച്ച ചോദ്യങ്ങൾ ഇന്നും അച്ചൻ മനസ്സിൽ ഹൃദ്യതയോടെ സൂക്ഷിക്കുന്നുണ്ട്.

പതിനൊന്ന് മുതൽ പതിന്നാല് വരെയുള്ള അധ്യായങ്ങളിൽ അജപാലനരംഗത്തുള്ള പ്രവർത്തനങ്ങളാണ്. ആറ്റിങ്ങൽ കേന്ദ്രമാക്കിയുള്ള മിഷൻ പ്രവർത്തനങ്ങൾക്കാണ് അദ്ദേഹം ആദ്യമായി നേതൃത്വം നൽകിയത്. തുടർന്ന്

അതിരൂപതാ ചാൻസിലറായുള്ള നിയമനം, റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പൗരസ്ത്യ കാനൻ നിയമങ്ങളിലുള്ള ഉപരിപഠനം എന്നിവയെക്കുറിച്ച് വിവരിക്കുന്നു. ഇക്കാലയളവിൽ ഇറ്റലിയിലെയും ജർമ്മനിയിലെയും പള്ളികളിൽ നടത്തിയ സേവനങ്ങൾ, റോമിൽ നടന്ന മലങ്കര സഭ സുറിയാനി കത്തോലിക്കാ സഭയുടെ മഹാജൂബിലി ആഘോഷത്തിനു നൽകിയ നേതൃത്വം എന്നിവയും ശ്രദ്ധേയമാണ്. പതിനഞ്ചാമത്തെ അധ്യായത്തിൽ പത്രപ്രവർത്തന രംഗത്തേക്കുള്ള കടന്നുവരവിനെ അടയാളപ്പെടുത്തുന്നുണ്ട്. ദീപികപത്രത്തിന്റെ തിരുവനന്തപുരം യൂണിറ്റിന്റെ റസിഡന്റ് മാനേജരായി അച്ചൻ നിയമിതനായി. സാമൂഹിക–
സാംസ്കാരിക–രാഷ്ട്രീയ മേഖലകളിലെ നിരവധി വ്യക്തികളുമായി സൗഹൃദം സമ്പാദിക്കാനും സാമൂഹിക ഇടപെടലുകൾക്കും അച്ചന് അവസരമുണ്ടായി. സർഗ്ഗാത്മക ജീവിതത്തെ ശക്തിപ്പെടുത്താനും ഇക്കാലയളവിൽ കഴിഞ്ഞു. തുടർന്ന് പതിനാറാമത്തെ അധ്യായത്തിൽ അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളെയും ജോയി വളവിൽ രേഖപ്പെടുത്തുന്നു.

'യാത്രകൾ അറിവിന്റെ പുതിയ വെളിച്ചങ്ങൾ' എന്ന ഭാഗം ആരംഭിക്കുന്നത്, റോമിലെ ഡമഷീനോ കോളേജ് ജീവിതത്തിനിടയിൽ ഫ്രാൻസിലെ ലൂർദ്ദ്, ആർസ്, ലിസ്യൂ എന്നിവിടങ്ങളിലേക്കു അച്ചൻ നടത്തിയ തീർത്ഥയാത്രയോടെയാണ്. തുടർന്ന് അമേരിക്കൻ ഐക്യനാടുകളിലേക്കും വിശുദ്ധ നാട്ടിലേക്കും യൂറോപ്പിലേക്കും സൗത്ത്ആഫ്രിക്കയിലേക്കുമുള്ള യാത്രകളുടെ വിവരണമാണ്. വായനക്കാരുടെ ഉള്ളിലും മായാത്ത ഓർമ്മയായി ആഴത്തിൽ പതിയുന്നു. തകർക്കപ്പെട്ട ജറുസലേം ദേവാലയത്തിന്റെ അവശേഷിപ്പായ വിലാപമതിലിൽ ശിരസ്സുമുട്ടിച്ച് പ്രാർത്ഥിക്കുന്ന യഹൂദജനതയുടെ ചിത്രവും സവിശേഷ വായനാനുഭവത്തിലേക്കാണ് നമ്മെ കൊണ്ടുപോകുന്നത്. വിശുദ്ധനാട്ടിലേക്കുള്ള യാത്രകൾ ബൈബിളിലൂടെയുള്ള സഞ്ചാരമായി വായനക്കാർക്ക് അനുഭവപ്പെടുന്നു. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ വിശുദ്ധനാമകരണ ചടങ്ങിൽ പങ്കെടുക്കാനായി യൂറോപ്പിലേക്കുള്ള യാത്ര ഏറെ ഹൃദ്യമായി അവതരിപ്പിക്കുന്നു. നാമകരണചടങ്ങിൽ വി.കുർബാനയിൽ സഹകാർമ്മികനാകുവാൻ ലഭിച്ച അവസരം അച്ചന് ആത്മീയ നിർവൃതിയുടെ നിമിഷങ്ങളായിരുന്നുവെന്ന് രേഖപ്പെടുത്തുന്നുണ്ട്.

സൗത്താഫ്രിക്കയിലേക്കുള്ള സഞ്ചാരങ്ങൾ ജൈവവൈവിദ്ധ്യങ്ങളിലേക്കും ചരിത്രത്തിലേക്കും സ്വാതന്ത്ര്യബോധത്തിലേക്കുമുള്ള യാത്രകളായിരുന്നു. പീറ്റർ മാരിറ്റ്സ് ബർഗ്ഗ് നഗരത്തിലുള്ള ചർച്ച് സ്ട്രീറ്റിലെ മഹാത്മാഗാന്ധിയുടെ പൂർണ്ണകായ വെങ്കല പ്രതിമയും ഹൗവിക്കിലെ നെൽസൺ മണ്ടേല കാപ്ച്വർ സൈറ്റിലുള്ള നെൽസൺ മണ്ടേലയുടെ 50 സ്റ്റീൽ തൂണുകളിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രവും ഇന്ത്യയുടെയും സൗത്താഫ്രിക്കയുടെയും സ്വാതന്ത്ര്യപോരാട്ടങ്ങളുടെ ചരിത്രസന്ധികളെയാണ് ഓർമ്മിപ്പിക്കുന്നത്. തോമസ് കുഴിനാപ്പുറത്തച്ചന്റെ യാത്രകളെ വളരെ സൂക്ഷ്മതയോടെ നോക്കിക്കാണുകയാണ് ലേഖിക.

ഈ ഗ്രന്ഥത്തിലെ മൂന്നാം ഭാഗമായ 'ഓർമ്മകളുടെ ചിത്രശാല' അച്ചന്റെ ജീവിതത്തിലെ അനർഘനിമിഷങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ഈ അധ്യായത്തിൽ തൂലിക ക്യാമറയ്ക്ക് വഴിമാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഓരോ ചിത്രവും ഇന്നലെകളുടെ ഓർമ്മപ്പെടുത്തലുകളാണ്. പിന്നിട്ട വഴികളെക്കുറിച്ചും, കടന്നുപോയ കാലത്തെപ്പറ്റിയുള്ള കഥകൾ അവ നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കുന്നു. ബന്ധങ്ങളുടെ സൗഹൃദത്തിന്റെ ആഹ്ലാദത്തിന്റെ കരുതലുകളുടെ കഥകളാണ് അവയ്ക്കു പറയാനുള്ളത്. 'സാഹിത്യസപര്യ' ഏഴ്

ലേഖനങ്ങളുടെ സമാഹാരമാണ്. തോമസ് കുഴിനാപ്പുറത്തച്ചൻ എഴുതിയ പ്രബന്ധങ്ങളെയും പുസ്തകങ്ങളെയും കുറിച്ചുള്ള വ്യത്യസ്ത ലേഖകരുടെ നിരൂപണങ്ങളാണ് ഈ ഭാഗം. 'ക്രിസ്ത്വാനുഭവത്തിലേക്ക് തുറക്കുന്ന വാതിൽ' എന്ന ലേഖനത്തിൽ അച്ചനെ ആത്മീയരഹസ്യങ്ങളെ, എഴുത്തിലൂടെ ലളിതമായ ഭാഷയിൽ ദൈവജനത്തിനു മനസ്സിലാക്കികൊടുക്കുന്ന ഇടയനായി സുകന്യ പാമാംകോട് വിശേഷിപ്പിക്കുന്നു. 'ദൈവജനം', 'കാനോനികപഠനങ്ങൾ' എന്നീ കൃതികളിലെ ഭാഷയെ അന്വേഷിക്കുകയാണ് സുകന്യ പാമാംകോട്. സഭ, രക്ഷ എന്നീ പദങ്ങൾക്കു അച്ചൻ നൽകുന്ന അർഥവിശേഷങ്ങളിലൂടെ ദൈവിക ചിന്തകൾ ജനകീയമാക്കുന്നുവെന്നു ലേഖിക വിലയിരുത്തുന്നു.

'ദൈവജനം' എന്ന പുസ്തകത്തെ പഠനവിഷയമാക്കുകയാണ് 'ജീവിതസ്പർശിയായ ദൈവശാസ്ത്രം' എന്ന ലേഖനത്തിലൂടെ റവ. ഡോ. ഗീവർഗ്ഗീസ് പണിക്കർ. പ്രശ്നസങ്കീർണമായ ആധുനികയുഗത്തിൽ അത്യധികം പ്രസക്തമായ ഒരു ആധ്യാത്മികഗ്രന്ഥം എന്നാണ്, 'ദൈവജനം' എന്ന പുസ്തകത്തെ ഡോ. എം.വി. തോമസ് വിശേഷിപ്പിക്കുന്നത്. 'കുഴിനാപ്പുറത്തച്ചന്റെ അജപാലനദർശനവും അതിന്റെ സാക്ഷാത്കാരവും' എന്ന ലേഖനത്തിലാണ് അദ്ദേഹം ഇങ്ങനെ പറയുന്നത്. അജപാലനരംഗത്തെ അച്ചന്റെ നവചിന്തകളെ ഈ ലേഖനത്തിൽ അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ദൈവജനത്തിന്റെ വിവിധ അനുഭവങ്ങളെയും അവരുടെ വ്യത്യസ്ത ജീവിത മേഖലകളെയും ആധുനിക ചുറ്റുപാടുകളിൽ അവരനുഭവിക്കുന്ന പ്രശ്നങ്ങളെയും സംബന്ധിക്കുന്ന അന്വേഷണമാണ് 'ദൈവജനം' എന്ന ഗ്രന്ഥമെന്ന് 'ഉത്തമമായ വായനാനുഭവം' എന്ന ലേഖനത്തിലൂടെ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിലും വിലയിരുത്തുന്നു.

'സർവ്വാശ്ലേഷിയായ ഐക്യത്തിലേക്ക് നയിക്കുന്ന രചനകൾ' എന്ന ലേഖനത്തിൽ റവ. ഡോ. മാത്യു ചാർത്താംകുഴി തോമസ് കുഴിനാപ്പുറത്തച്ചന്റെ ദൈവശാസ്ത്ര പഠനങ്ങളെ ക്രിസ്തുവിജ്ഞാനീയം, ദൈവജന കേന്ദ്രീകൃതം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിക്കുന്നു. ഡോ. ഡി. ബാബുപോളിന്റെ 'സാൽവിഫിക്‌ലോഃ ഒരു പഠനം' എന്ന ലേഖനത്തിൽ 'രക്ഷാനിയമം'എന്ന കൃതിയെ പഠനവിധേയമാക്കുന്നു. പൗരസ്ത്യസഭകളുടെ കാനൻ നിയമങ്ങളുടെ രക്ഷാകരസ്വഭാവത്തെപ്പറ്റിയുള്ള പഠനമാണ് ഈ കൃതി. രക്ഷാനിയമത്തിൽ കുഴിനാപ്പുറത്തച്ചൻ അവതരിപ്പിക്കുന്ന അടിസ്ഥാന ദൈവശാസ്ത്രതത്വത്തെക്കുറിച്ച് ഡോ. ഡി. ബാബുപോൾ പറയുന്നത് ഇങ്ങനെയാണ്. "സഭയുടെ നിയമങ്ങൾ അടിസ്ഥാനപരമായി മനുഷ്യരെ രക്ഷയിലേക്ക് നയിക്കുന്ന ഉപകരണങ്ങളായിരിക്കണം. അങ്ങനെ ആകുന്നില്ലെങ്കിൽ അവ സഭയുടെ നിയമങ്ങളായിരിക്കുകയില്ല".

'ദൈവജനം', 'കാനോനിക പഠനങ്ങൾ', 'സ്നേഹത്തിന്റെ സന്തോഷം', 'മാതാപിതാക്കളും മക്കളും അറിയാൻ' എന്നീ നാലുകൃതികളെക്കുറിച്ചുള്ള ചിന്തകളാണ് 'തോമസ് കുഴിനാപ്പുറത്തച്ചന്റെ ദൈവശാസ്ത്ര ദർശനം – ഒരു അല്മായ വീക്ഷണം' എന്ന ലേഖനം. ഷെവ. പ്രൊഫ. പാപ്പിതോമസ് വിളവിനാലാണ് ഈ ലേഖനം എഴുതിയത്. ജീവിതത്തിന്റെ സമഗ്രമേഖലകളെയും തന്റെ പാദസ്പർശത്താൽ ദീപ്തമാക്കിയ ഉത്തമനായൊരു പുരോഹിതന്റെ മിഴിവാർന്ന ജീവിതാവിഷ്കാരമാണ് ജൂബി കുഴിനാപ്പുറത്തച്ചൻ കോർത്തിണക്കിയ ഈ പുസ്തകത്തിലുള്ളത്. പൗരോഹിത്യജീവിതം എന്നതിനപ്പുറം സാമൂഹികവും സർഗ്ഗാത്മകവുമായ ഇടപെടലുകൾക്ക് പൗരോഹിത്യം പവിത്രമായ ഊർജ്ജകേന്ദ്രമായി പരിലസിക്കുന്നതിന്റെ ഉജ്ജ്വല ചിത്രം കൂടി 'അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ' എന്ന ഈ പുസ്തകം നമുക്ക് കാണിച്ചുതരുന്നുണ്ട്. ❍



# യേശുവിന്റെ അനന്യസാധാരണമായ സ്നേഹം സ്വന്തമാക്കുക : ഫ്രാൻസീസ് പാപ്പ

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



പതിവു രീതികളെ ഉല്ലംഘിക്കുന്ന അസാധാരണവും ആയാസകരവുമായ സ്നേഹമാണ് ഈശോയുടേതെന്ന് ഫ്രാൻസീസ് പാപ്പ 2023 ഫെബ്രുവരി 19ന് മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം 38 മുതൽ 48 വരെയുള്ള വിശുദ്ധ ഗ്രന്ഥ ഭാഗം ഉദ്ധരിച്ചു കൊണ്ട് പ്രബോധിപ്പിച്ചു.

ഒരു കരണത്തടിക്കുന്നവന് മറുകരണം കാണിച്ചു കൊടുക്കുക, ശത്രുവിനെ സ്നേഹിക്കുക, അവർക്കായി പ്രാർത്ഥിക്കുക തുടങ്ങിയ പ്രബോധനങ്ങൾ യേശു നൽകുന്ന സുവിശേഷ ഭാഗമാണ്. നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നതും നമ്മളുമായി ചങ്ങാത്തം ഉള്ളവരോട് ചങ്ങാത്തം പുലർത്തുന്നതും സാധാരണമാണ്. ഇങ്ങനെയുള്ളയവസരത്തിൽ ഈശോ ചോദിക്കുന്നത് നിങ്ങൾ ഇതുപോലെ പ്രവർത്തിച്ചാൽ എന്താണ് അസാധാരണമായി ചെയ്യുന്നത് എന്നാണ്. ഫ്രാൻസീസ് പാപ്പ ഈ പ്രത്യേക വിഷയമാണ് നമുക്കായ ചിന്താവിഷയമാക്കുന്നത്.

പതിവ് ശൈലിക്ക് വിപരീതം

പതിവിന്റെ പരിധിക്കപ്പുറമുള്ളതിനെ നാം 'അസാധാരണം' എന്നാണല്ലോ പറയുക. അത് പതിവുരീതികളേയും വിവേകം നിർദ്ദേശിക്കുന്ന സാധാരണ കണക്കുകൂട്ടലുകളേയും കവച്ചു വക്കുന്നു. നാം സാധാരണ നമ്മോട് മറ്റുള്ളവർ പെരുമാറുന്ന അതേ രീതിയിലും സ്വഭാവത്തിലും ആണ് തിരിച്ചും പെരുമാറുക. നമ്മളോട് മോശമായി പെരുമാറുന്നവരോ

ട് നമ്മൾ അതേ നാണയത്തിൽ തന്നെ പ്രതികരിക്കുന്നു. അങ്ങനെ നാമെല്ലാവരും സമനിലയിലാണ്. പതിവിൽ കൊടുക്കലും വാങ്ങലും തമ്മിലുള്ള സന്തുലിതാവസ്ഥയിൽ നിലകൊണ്ടാൽ കാര്യങ്ങൾക്ക് മാറ്റമുണ്ടാകില്ല. പാപ്പ പറയുന്നത് ദൈവം ഇതേ യുക്തി പിന്തുടർന്നു എങ്കിൽ നമുക്ക് രക്ഷയെന്ന സത്യം ഉണ്ടാകുമായിരുന്നില്ല എന്നാണ്. എന്നാൽ ദൈവസ്നേഹം എല്ലായ്പ്പോഴും 'അസാധാരണമാണ്.'
മറ്റു വാക്കിൽ പറഞ്ഞാൽ ദൈവസ്നേഹം എപ്പോഴും മറുപുറം കടക്കുന്നു. അത് നമ്മുടെ ബന്ധങ്ങൾ ജീവിക്കുന്ന സാധാരണ മാനദണ്ഡങ്ങളെ ഉല്ലംഘിക്കുന്നു. ഇത് നമുക്ക് നേരെ വെല്ലുവിളിയുയർത്തും എന്നാണ് പാപ്പ പഠിപ്പിക്കുന്നത്.

ഈശോയുടെ വാക്കുകൾ എപ്പോഴും വെല്ലുവിളി ഉയർത്തുന്നു. പ്രയോജനാധിഷ്ഠിത യുക്തികളുടെ സാധാരണത്വത്തിൽ തുടരാൻ നാം ശ്രമിക്കുമ്പോൾ അവിടന്ന് നമ്മോടാവശ്യപ്പെടുന്നത് അസാധാരണത്വത്തിലേക്ക്, സൗജന്യ സ്നേഹത്തിന്റേതായ അനന്യസാധാരണത്വത്തിലേക്ക് സ്വയം തുറക്കാനാണ്; നാം എപ്പോഴും കണക്കുകൾ സന്തുലിതമാക്കാൻ ശ്രമിക്കുമ്പോൾ സ്നേഹത്തിന്റെ അസന്തുലിതാവസ്ഥ ജീവിക്കാൻ ക്രിസ്തു നമ്മെ ഉത്തേജിപ്പിക്കുന്നു. ക്രിസ്തു സമർത്ഥനായ ഒരു കണക്കപ്പിള്ള അല്ല. അവിടന്ന് എപ്പോഴും സ്നേഹത്തിന്റെ അസന്തുലിതാവസ്ഥയിലേക്കാണ് പോകുന്നത്. ഇതിൽ നാം അത്ഭുതപ്പെടേണ്ടതില്ല ദൈവം അസന്തുലിതാവസ്ഥയിലല്ലായിരുന്നു എങ്കിൽ നമുക്ക് ഒരിക്കലും രക്ഷ കൈവരുമായിരുന്നില്ല. കുരിശിന്റെ അസന്തുലിതാവസ്ഥയാണ് നമുക്ക് രക്ഷ നൽകിയത്. ഒന്നിനും അർഹതയില്ലാത്ത, പകരം ഒന്നും നൽകാൻ കഴിയാത്ത നമ്മൾ വഴി തെറ്റി ദൂരെയായിരിക്കുമ്പോൾ ഈശോ നമ്മെ തേടി വരുമായിരുന്നില്ല, അവസാനം വരെ നമ്മെ സ്നേഹിക്കുമായിരുന്നില്ല, നമുക്കു വേണ്ടി കുരിശിനെ പുൽകുമായിരുന്നില്ല. പാപികളായ നമ്മെ രക്ഷിക്കാൻ തന്റെ ഏകജാതനെ നൽകി ദൈവം നമ്മെ സ്നേഹിക്കുമായിരുന്നില്ല.(യോഹ.3:16). ഇതെല്ലാം നമുക്കായി അവിടുന്ന് ഒരുക്കിയത് നാം നല്ലവരായതു കൊണ്ടല്ല, അവിടുത്തേക്ക് എന്തെങ്കിലും തിരികെ നൽകാൻ നമുക്ക് കഴിവുള്ളതുകൊണ്ടുമല്ല മറിച്ച് ദൈവസ്നേഹം എല്ലായ്പ്പോഴും അത്യധികമായതുകൊണ്ടാണ്.
നമ്മുടെ കണക്കു കൂട്ടലുകൾക്ക് അതീതമാണ് ദൈവസ്നേഹം. അത് എപ്പോഴും അനുപാതമില്ലാത്തതാണ്. ഇപ്രകാരം ജീവിക്കാനാണ് ഇന്ന് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്. പാപ്പ പറയുന്നത് ഇതിനു നമ്മൾ നമ്മുടെ സ്വാർത്ഥപരമായ യുക്തിയിൽ നിന്ന് പുറത്തുകടക്കണം.

പാപ്പാ പ്രബോധിപ്പിക്കുന്നത് മനുഷ്യസഹജമായ തിരിച്ചു കിട്ടലിന്റെ യുക്തിയിൽ നിന്ന് നാം പുറത്തു കടക്കണമെന്നാണ്. പാപ്പ തുടർന്ന് പറയുന്നത് ലാഭത്തിന്റെ യുക്തിയിൽ നിന്ന് പുറത്തു കടക്കണമെന്നും കണക്കുകൂട്ടലുകളുടേയും സൗകര്യങ്ങളുടേയും തോതു കൊണ്ട് സ്നേഹത്തെ അളക്കരുതെന്നും ഈശോ ആവശ്യപ്പെടുന്നു എന്നാണ്.
തിന്മയോട് തിന്മകൊണ്ട് പ്രതികരിക്കാതിരിക്കാനും നന്മ ചെയ്യാൻ ധൈര്യമുള്ളവർ ആയിരിക്കാനും പ്രതിഫലമായി നമുക്ക് കുറച്ച് മാത്രം ലഭിക്കുകയോ അല്ലെങ്കിൽ ഒന്നും ലഭിക്കാതിരിക്കുകയോ ചെയ്താൽ പോലും ദാനത്തിന്റെ സാഹസികത എടുക്കാനും ഈശോ നമ്മെ ക്ഷണിക്കുന്നു.
ഇത്തരം സ്നേഹം സംഘർഷങ്ങളെ സാവധാനം രൂപമാറ്റം വരുത്തുകയും ശത്രുതയെ അതിജീവിക്കുകയും പരസ്പരമുള്ള അകൽച്ചയുടെ ദൂരം കുറയ്ക്കുകയും വിദ്വേഷത്തിന്റെ മാരകമായ മുറിവുകൾ വച്ചുകെട്ടുകയും ഉണക്കുകയും ചെയ്യും എന്നാണ് ഫ്രാൻസീസ് പാപ്പ പ്രബോധിപ്പിക്കുന്നത്.

ഓർമ്മ / ആദരം

# സ്നേഹം വാരിവിതറി ജീവിച്ച ഒരു സമർപ്പിതയുടെ ഓർമയ്ക്ക്




2023 ഫെബ്രുവരി 13 തിങ്കളാഴ്ച. 2008 – 11 കാലഘട്ടത്തിൽ, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി.യിൽ റസിഡൻഷ്യൽ തിയോളജി കോഴ്സിൽ പഠിച്ചവരായ ഞങ്ങൾക്ക് ആ തിങ്കളാഴ്ച നല്ല ദിവസമായിരുന്നില്ല. അന്ന് ഞങ്ങളുടെ ഓർമ്മകളിൽ എന്നും സാന്ത്വന സ്പർശമായിരുന്ന സിസ്റ്റർ ജെസി റാഫേൽ നിര്യാതയായി. പി.ഒ.സി.യിൽ കോഴ്സുകളുടെ ചുമതലയുള്ള പ്രീഫെക്റ്റ് അച്ചന്റെ സെക്രട്ടറിയായിരുന്നു സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി അംഗമായിരുന്ന സിസ്റ്റർ ജെസി. ഒരു നേഴ്സ് കൂടിയായിരുന്നു സിസ്റ്റർ. വീട് വിട്ട് പി ഒ സിയിൽ താമസിച്ച് പഠിക്കേണ്ടി വന്ന ഞങ്ങളിൽ പലർക്കും ഒരു വീടകത്തിന്റെ സ്നേഹക്കുളിർമ നൽകാൻ സിസ്റ്ററിനു കഴിഞ്ഞിരുന്നു. ഓരോ വിദ്യാർത്ഥികളുടെയോ പ്രായമോ മറ്റ് പരിഗണനകളോ ഇല്ലാതെ സിസ്റ്റർ ജെസി സ്നേഹിക്കുകയും സാന്ത്വനിപ്പിക്കുകയും ചെയ്തിരുന്നു. ഓരോരുത്തരുടെയും വീട്ടനുഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടായിരുന്നു സിസ്റ്റർ ജെസിയുടെ ജീവിതം. സ്വന്തം രോഗദുരിതങ്ങൾ മുഖത്ത് കാണിക്കാതെ സദാസമയവും ചിരിക്കുന്ന മുഖവുമായിട്ടേ ഞങ്ങൾ സിസ്റ്ററിനെ കണ്ടിട്ടുള്ളൂ. പഠനം കഴിഞ്ഞ് ഞങ്ങളുടെ ജീവിത സന്ദർഭങ്ങളിൽ പ്രാർത്ഥിച്ച് ഒപ്പം കരുതലായി എന്നുമുണ്ടായിരുന്നു സിസ്റ്റർ. പി.ഒ.സി.യിലെ തിരക്കുകൾക്കിടയിലും വിദ്യാർത്ഥികളിൽ ആരെങ്കിലും രോഗബാധിതരായാൽ, സമയമുണ്ടാക്കി സിസ്റ്റർ ഓടിയെത്തുമായിരുന്നു. ഒരമ്മയെ പോലെ സ്നേഹം വാരിവിതറി ജീവിച്ച കടന്നുപോയ സിസ്റ്ററിന്റെ ഓർമ്മയ്ക്കു മുന്നിൽ പ്രാർത്ഥനാപുഷ്പങ്ങൾ അർപ്പിക്കട്ടെ. ❍



**അഡ്വ. ഷിജോ മേക്കാടൻ**

---

എന്റെ ജീവിതത്തിൽ ലാഭത്തിന്റെ യുക്തിയാണോ അതോ ദൈവീകത നിറഞ്ഞ സൗജന്യതയുടെ യുക്തിയാണോ ഞാൻ പിന്തുടരുന്നത് എന്ന് ഈ നോമ്പ് കാലത്ത് ആത്മ പരിശോധന ചെയ്യാം. ഈശോ നമുക്ക് കാണിച്ച തന്ന അനന്യ സാധാരണമായ സ്നേഹം എളുപ്പമല്ല എന്നാൽ അത് സാദ്ധ്യമാണ് എന്ന് സ്വന്തം ജീവൻ നൽകി അവിടുന്ന് നമ്മെ പഠിപ്പിച്ചു. അതാണ് കുരിശിന്റെ വിജയവും മാഹാത്മ്യവും. കണക്കുകൂട്ടലുകളില്ലാതെ ദൈവത്തോട് 'സമ്മതം' എന്ന് ഉത്തരം നൽകി ദൈവകൃപയുടെ ഉത്കൃഷ്ട സൃഷ്ടി ആക്കാൻ സ്വയം സമ്മതം നൽകിയ പരിശുദ്ധ മറിയത്തിനോട് നമുക്ക് പ്രാർത്ഥിക്കാം എന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. ഈശോയുടെ അനന്യസാധാരണമായ സ്നേഹത്തിലേക്ക് നമുക്ക് ഉയരാം. ❍



# ചിന്തിക്കൂ, ആത്മാവിനാലാണോ നാം നയിക്കപ്പെടുന്നത് ?

***പൗലോസ് അപ്പസ്തോലന്റെ ഗലാതൃക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം - 14

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



നാം ഇപ്പോൾ വായിച്ചുകേട്ട ഗലാത്തിയക്കാർക്കുള്ള കത്തിൽ നിന്നുള്ള ഭാഗത്ത്, വിശുദ്ധ പൗലോസ്ക്രിസ്ത്യാനികളെപരിശുദ്ധാത്മാവിന്റെ പ്രേരണയനുസരിച്ച് വ്യാപരിക്കാൻ ഉദ്ബോധിപ്പിക്കുന്നു (ഗലാത്തിയർ 5:16.25). ഒരു ശൈലിയുണ്ട്: ആത്മാവിനനുസൃതം ചരിക്കുക. വാസ്തവത്തിൽ, യേശുവിൽ വിശ്വസിക്കുക എന്നതിനർത്ഥം ആദ്യ ശിഷ്യന്മാർ ചെയ്തതുപോലെ, അവിടത്തെ അനുഗമിക്കുക, അവിടത്തെ വഴിയിലൂടെ അവിടത്തെ പിന്തുടരുക എന്നാണ്.അതോടൊപ്പം തന്നെ, അപ്പോസ്തലൻ 'ജഡമോഹം' (വാക്യം 16) എന്ന് വിളിക്കുന്ന സ്വാർത്ഥതയുടെ, സ്വന്തം താൽപ്പര്യം തേടലിന്റേതായ വിപരീത പാത ഒഴിവാക്കുക എന്നാണ് വിവക്ഷ. ക്രിസ്തുവിന്റെ പാതയിലൂടെയുള്ള ഈ യാത്രയിൽ വഴികാട്ടി പരിശുദ്ധാത്മാവാണ്. ജ്ഞാനസ്നാനത്തിൽ ആരംഭിച്ച് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന അത്ഭുതകരവും എന്നാൽ ആയാസകരവുമായ ഒരു യാത്രയാണ് ഇത്. ഉയർന്ന ഒരു പർവ്വതത്തിലേക്കുള്ള ഒരു നീണ്ട യാത്രയെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കാം: അത് മനം കവരുന്നതാണ്, ലക്ഷ്യസ്ഥാനം നമ്മെ

ആകർഷിക്കുന്നു, എന്നാൽ അതിന് വളരെയധികം പരിശ്രമവും സ്ഥിരോത്സാഹവും ആവശ്യമാണ്.

അപ്പോസ്തലന്റെ വാക്കുകളുടെ പൊരുൾ ഗ്രഹിക്കുന്നതിന് ഈ സാദൃശ്യം നമുക്ക് പ്രയോജനകരമാകും: 'ആത്മാവിനനുസൃതം ചരിക്കുക', ആത്മാവിനാൽ 'നയിക്കപ്പെടാൻ അനുവദിക്കുക'. ആദ്യ പ്രതിബന്ധത്തിനു മുന്നിൽത്തന്നെ സ്തംഭിച്ചുപോകുന്നത് തടയുന്നതും "ഉന്നതത്തിൽ നിന്നു വരുന്ന ശക്തിയിൽ" (ഹെർമാസിന്റെ ഇടയൻ, 43, 21) വിശ്വാസം ഉളവാക്കുന്നതുമായ ഒരു പ്രവൃത്തിയെ, ഒരു ചലനത്തെ, ചലനാത്മകതയെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങളാണിവ. ഈ പാത പിന്തുടരുന്നതിലൂടെ, ക്രിസ്ത്യാനി ജീവിതത്തെക്കുറിച്ചുള്ള ഭാവാത്മകമായ ഒരു കാഴ്ചപ്പാട് ആർജ്ജിക്കുന്നു. ലോകത്ത് നിലവിലുള്ള തിന്മ അപ്രത്യക്ഷമായെന്നോ സ്വാർത്ഥതയുടെയും അഹംഭാവത്തിന്റെയും നിഷേധാത്മക പ്രേരണകൾ കുറയുന്നുണ്ടെന്നോ ഇതിനർത്ഥമില്ല; ദൈവം എല്ലായ്പ്പോഴും നമ്മുടെ ചെറുത്തുനിൽപ്പുകളേക്കാൾ ശക്തനും നമ്മുടെ പാപങ്ങളെക്കാൾ വലിയവനും ആണെന്ന് വിശ്വസിക്കുക എന്നാണ് അത് അർത്ഥമാക്കുന്നത്. ഇതു സുപ്രധാനമാണ്:എന്നും ദൈവമാണ് ഏറ്റവും വലിയവൻ എന്നും വിശ്വസിക്കുക.ഈ പാത സ്വീകരിക്കാൻ ഗലാത്തിയക്കാരെ ഉദ്ബോധിപ്പിക്കുമ്പോൾ, അപ്പോസ്തലൻ അവരുടെ തലത്തിൽ തന്നെത്തന്നെ നിർത്തുന്നു. കല്പനയുടെതായൊരു ക്രിയാപദം 'നടക്കുക' (വാക്യം 16)- എന്നത് ഒഴിവാക്കി 'നമുക്ക്" എന്ന സൂചകം ഉപയോഗിക്കുന്നു: 'നമുക്ക് ആത്മാവിനനുസരിച്ച് വ്യാപരിക്കാം' (ഗലാത്തിയർ 5,25). നമുക്ക് ഒരേ നിരയിൽ നല്കാം, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ നമ്മെത്തന്നെ അനുവദിക്കാം എന്നു പറയുന്നതുപോലെ. ഈ പ്രബോധനം തനിക്കും ആവശ്യമാണെന്ന് വിശുദ്ധ പൗലോസ് കരുതുന്നു. ക്രിസ്തു തന്നിൽ വസിക്കുന്നു എന്ന അവബോധം പുലർത്തുന്ന അദ്ദേഹത്തിന് (ഗലാത്തിയർ 2:20), സ്വന്തം ലക്ഷ്യത്തിൽ, പർവ്വത മുകളിൽ എത്തിയിട്ടില്ലെന്ന ബോധ്യവുമുണ്ട് (ഫിലിപ്പിയർ 3:12). അപ്പോസ്തലൻ സ്വന്തം സമൂഹത്തിന് അതീതനായി സ്വയം പ്രതിഷ്ഠിക്കുന്നില്ല, അദ്ദേഹംഇങ്ങനെപറയുന്നില്ല: "ഞാനാണ് നേതാവ്; നിങ്ങൾ മറ്റുള്ളവരാണ്; ഞാൻ മലയുടെ മുകളിൽ എത്തി, നിങ്ങൾ വഴിയിലാണ്. അദ്ദേഹം ഇത് പറയുന്നില്ല,മറിച്ച് എല്ലാവരുടെയും യാത്രയുടെ മദ്ധ്യത്തിൽ തന്നെത്തന്നെ നിറുത്തുന്നു, അത്, ആത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തോട് ഉപരിമെച്ചപ്പെട്ട രീതിയിൽ പ്രത്യുത്തരിച്ചുകൊണ്ട് ദൈവത്തെ അനുസരിക്കേണ്ടത് എത്രത്തോളം ആവശ്യമാണ് എന്നതിന്റെ മൂർത്ത മാതൃക നൽകുന്നതിനുവേണ്ടിയാണ്.തങ്ങളുടെ ജനത്തോടൊപ്പം നടക്കുന്ന ഇടയന്മാരെ കണ്ടെത്തുമ്പോൾ അത് എത്ര മനോഹരമാണ്. ഇത് വളരെ മനോഹരമാണ്; അത് ആത്മാവിന് നല്ലതാണ്. ഈ 'ആത്മാവിനെ അനുസരിച്ച് വ്യാപരിക്കൽ' എന്നത് കേവലം ഒരു വ്യക്തിഗത പ്രവർത്തനമല്ല: അത് സമൂഹം മുഴുവനെയും സംബന്ധിച്ചതാണ്.വാസ്തവത്തിൽ, അപ്പോസ്തലൻ സൂചിപ്പിച്ച പാത പിന്തുടർന്നുകൊണ്ട് സമൂഹത്തെ കെട്ടിപ്പടുക്കുകയെന്നത് ആവേശകരവും എന്നാൽ വെല്ലുവിളി നിറഞ്ഞതുമാണ്. 'ജഡമോഹങ്ങൾ', അതായത്, അസൂയ, മുൻവിധി, കാപട്യം, മാത്സര്യം എന്നിവ അനുഭവപ്പെടുന്നത് തുടരുന്നു, കർശനമായ നിയമങ്ങൾ അവലംബിക്കുകയെന്ന പ്രലോഭനത്തിൽഎളുപ്പംനിപതിക്കാം, എന്നാൽ അങ്ങനെചെയ്യുമ്പോൾഒരാൾസ്വാതന്ത്ര്യത്തിന്റെ പാതയിൽനിന്നുപുറത്തുപോകുകയുംമുകളിലേക്ക്കയറുന്നതിനു പകരംതാഴേക്കിറങ്ങുകയുംചെയ്യും.ആത്മാവിന്റെ വഴിയിൽ നടക്കുന്നതിന്ആദ്യംകൃപയ്ക്കുംഉപവിയ്ക്കുംഇടം നൽകേണ്ടതുണ്ട്.ദൈവകൃപയ്ക്ക്ഇടംനൽകുക,ഭയപ്പെടരുത്.പൗലോസ്കഠിനമായരീതിയിൽ സംസാരിച്ചതിനുശേഷം,പരസ്പരംബുദ്ധിമുട്ടുകൾഏറ്റെടുക്കാനുംആരെങ്കിലുംതെറ്റ്ചെയ്താൽസൗമ്യമായിനേരിടാനുംഗലാത്തിയക്കാരെക്ഷണിക്കുന്നു(ഗലാത്തിയർ5:22). നമുക്ക് അദ്ദേഹത്തിന്റെ വാക്കുകൾശ്രദ്ധിക്കാം:'സഹോദരന്മാരേ,ആരെങ്കിലുംഎ





ന്തെങ്കിലുംതെറ്റിൽഅകപ്പെട്ടാൽ,ആത്മീയരായനിങ്ങൾ,സൗമ്യമായി അവനെതിരുത്തുക.നിങ്ങളുംപ്രലോഭിതരാകാതിരിക്കാൻശ്രദ്ധിച്ചുകൊള്ളുവിൻ. പരസ്പരംഭാരങ്ങൾവഹിക്കുവിൻ' (ഗലാത്തിയർ 6:1–2).Gossiping ൽ നിന്നു വളരെവ്യത്യസ്തമായ ഒരുമനോഭാവം; അല്ല, ഇത്ആത്മാവിനനുസരിച്ചല്ല.ഒരു സഹോദരനെയോ സഹോദരിയെയോ തിരുത്തുമ്പോൾഅവരോട് സൗമ്യമായി പെരുമാറുകയുംആ പാപങ്ങളിൽ വീഴാതിരിക്കാൻ വിനയത്തോടെനമ്മെത്തന്നെ കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്നതാണ്ആത്മാവിന്റെഅനുസരിച്ചുള്ളകാര്യം. വാസ്തവത്തിൽ,പലപ്പോഴുംസംഭവിക്കുന്നതുപോലെ,മറ്റുള്ളവരെതെറ്റായിവിലയിരുത്താൻനാംപ്രലോഭിതരാകുമ്പോൾ,ആദ്യംനമ്മുടെബലഹീനതയെക്കുറിച്ച് ചിന്തിക്കണം.മറ്റുള്ളവരെ വിമർശിക്കുക എത്ര എളുപ്പമാണ്! ജല്പനങ്ങളിൽ ബിരുദമെടുത്ത ചിലരുണ്ട്.മറ്റുള്ളവരെ വിമർശിക്കലാണ് അവരുടെഅനുദിനതൊഴിൽ.നീനിന്നെത്തന്നെനോക്കുക.ഒരുസഹോദരനെയോസഹോദരിയെയോതിരുത്താൻനമ്മെപ്രേരിപ്പിക്കുന്നതെന്താണെന്നും അവന്റെ തെറ്റിനു നാം ഏതെങ്കിലും വിധത്തിൽ ഉത്തരവാദികളല്ലേ എന്നുംസ്വയംചോദിക്കുന്നത് നല്ലതാണ്.പരിശുദ്ധാത്മാവ് നമുക്ക് സൗമ്യതയുടെദാനം നൽകുന്നതിനു പുറമെ, ഐക്യദാർഢ്യമുള്ളവരായിരിക്കുന്നതിനും മറ്റുള്ളവരുടെ ഭാരങ്ങൾവഹിക്കുന്നതിനും നമ്മെക്ഷണിക്കുകയും ചെയ്യുന്നു.ഒരു വ്യക്തിയുടെ ജീവിതത്തിൽ എത്രയെത്ര ഭാരങ്ങളുണ്ട്: രോഗം,തൊഴിൽരാഹിത്യം, ഏകാന്തത, വേദന...! സഹോദരങ്ങളുടെ സാമീപ്യവുംസ്നേഹവുംആവശ്യമായമറ്റ്എത്രയെത്ര പരീക്ഷണങ്ങൾ! ഇതേഭാഗത്തിന് വ്യാഖ്യാനം നല്കുന്നവിശുദ്ധഅഗസ്തീനോസിന്റെ വാക്കുകൾ നമുക്ക്സഹായകമാകും: 'അതിനാൽ, സഹോദരങ്ങളേ, ആരെങ്കിലുംഎന്തെങ്കിലുംതെറ്റിൽ അകപ്പെട്ടാൽ, ഈരീതിയിൽ, സൗമ്യതയോടെഅവനെതിരുത്തുക.നീസ്വരംഉയർത്തുകയാണെങ്കിൽ,ഉള്ളുകൊണ്ട്സ്നേഹിക്കുക.നീപ്രോത്സാഹിപ്പിച്ചാലും,പൈതൃകഭാവംപ്രകടിപ്പിച്ചാലും കാർക്കശ്യംപുലർത്തിയാലുംസ്നേഹിക്കുക'(പ്രസംഗം163/ബി3).എപ്പോഴുംസ്നേഹിക്കുക. സാഹോദര്യപരമായതിരുത്തലിന്റെപരമോന്നതനിയമംസ്നേഹമാണ്:നമ്മുടെസഹോദരീസഹോദരന്മാരുടെനന്മകാംക്ഷിക്കലാണ്.അപരന്റെതെറ്റുകളുംകുറവുകളുംസഹിക്കുകയുംആതെറ്റുതിരുത്തുന്നതിന്അവനെസഹായിക്കുന്നതിന്പ്രാർത്ഥനയുംമൗനവുംവഴിമാർഗ്ഗംകണ്ടെത്തുകയുംവേണം. ഇത്അത്ര എളുപ്പമുള്ള കാര്യമല്ല. നാം എളുപ്പമുള്ളതായി കാണുന്നത് അപരനെ കുറ്റപ്പെടുത്തലാണ്, താൻ പരിപൂർണ്ണനാണ് എന്ന മട്ടിൽ അപരനെ അവഹേളിക്കലാണ്. ഇതു പാടില്ല. മറിച്ച് വേണ്ടത് സൗമ്യതയാണ്, ക്ഷമയാണ്, പ്രാർത്ഥനയാണ്, സാമീപ്യമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ സ്വയം അനുവദിച്ചുകൊണ്ട് നമുക്ക് ഈ പാതയിൽ സന്തോഷത്തോടെയും ക്ഷമയോടെയും നീങ്ങാം.



# ഈശോയുടെ കൈപിടിച്ച് പുതിയ പാതകളിലേക്ക്

സി. ജോസ്ന R.J.M

**വിശുദ്ധാ ക്ലോഡിൻ തെവനെയെക്കുറിച്ചുള്ള ജീവചരിത്ര ക്കുറിപ്പുകളുടെ ഏഴാം ഭാഗമാണിത്.**



സേക്രഡ് ഹാർട്ട് ഓഫ് ജീസസ് എന്ന പേരിലുള്ള അസോസിയേഷൻ ഒരു ആത്മീയ സമൂഹമായിരുന്നില്ല. എന്നാൽ റിലീജിയസ് ഓഫ് ജീസസ് ആൻഡ് മേരി എന്ന സന്യാസിനീ സമൂഹത്തിനായുള്ള ആദ്യ വിത്തുകൾ ഈ അസോസിയേഷന്റെ സമാരംഭത്തിൽ ഉള്ളടങ്ങിയിരുന്നവെന്നത് യാഥാർത്ഥ്യമാണ്.

ഫാ. കോയിൻദ്രെ എഴുതിയുണ്ടാക്കിയ ആത്മീയമായ ദൈനംദിന കർമ്മങ്ങളോടൊപ്പം, എല്ലാവരും സ്വയം സന്നദ്ധരായി പാലിക്കേണ്ട ചില വ്യവസ്ഥകൾ കൂടി അസോസിയേഷന്റെ മാർഗരേഖയിലുണ്ടായിരുന്നു. ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുമ്പോൾ അവയിൽ നിന്ന് ഒഴിഞ്ഞുമാറാൻ മതിയായ കാരണങ്ങളുണ്ടായിരിക്കണമെന്ന വ്യവസ്ഥയുടെ പിൻബലത്തിലാണ് ഫാ. കോയിൻ ദ്രെ ക്ലോഡിനെ അസോസിയേഷന്റെ പ്രസിഡണ്ടാക്കി അവരോധിച്ചത്.

മൂന്നു വർഷങ്ങൾ കടന്നുപോയി. ഓരോ അംഗങ്ങളുടെയും മനസ്സ് വായിച്ചറിയുന്നുവെന്ന പോലെയായിരുന്നു ക്ലോഡിന്റെ പെരുമാറ്റമെന്നത് ഏവരെയും അത്ഭുതപ്പെടുത്തിയിരുന്നു. ആരുടെ മനസ്സും അൽപ്പം പോലും വേദനിക്കാതിരിക്കാനുള്ള സാന്ത്വന തൈലം വിശുദ്ധായുടെ വാക്കുകളിൽ തുളളിത്തുളുമ്പിയായിരുന്നു. അസ്വസ്ഥത പ്രകടിപ്പിക്കുന്ന അംഗങ്ങളുമായി കൂടുതൽ നേരം സംസാരിക്കാൻ വിശുദ്ധ ശ്രദ്ധിച്ചിരുന്നു. ഭരണപരമായ കാര്യങ്ങളെക്കാൾ ഇത്തരമൊരു മാനുഷിക സമീപനത്തിന് ക്ലോഡിൻ ഏറെ സമയം കണ്ടെത്തി.

ഈ നാളുകളിൽ വിശുദ്ധ മറ്റൊരു പ്രശ്നം നേരിട്ടു. അസോസിയേഷന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റവേ, സ്വന്തം അമ്മ ഏറെ അസ്വസ്ഥയാണെന്ന് അവർ തിരിച്ചറിഞ്ഞു. മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുമ്പോൾ സ്വന്തം അമ്മയ്ക്കുള്ള കരുതലും സ്നേഹവും കുറയുന്നുണ്ടോ ? ഭർത്താവ് മരിച്ചു. മക്കൾ അവരവരുടെ ജീവിതപാതകളിലായി. അമ്മയുടെ മനസ്സ്

വായിക്കാൻ ക്ലോഡിന് കഴിഞ്ഞിരുന്നു. എന്നാൽ തന്റെ ഉള്ളിലുള്ള മാതൃസ്നേഹത്തിന്റെ ശക്തമായ അലയടികൾ എങ്ങനെ അമ്മയെ അറിയിക്കും. വിശുദ്ധാ ക്ലോഡിൻ ധർമ്മ സങ്കടത്തിലായി. എങ്കിലും നിരന്തരം പ്രാർത്ഥിച്ചുകൊണ്ട് അമ്മയെ ആശ്വസിപ്പിക്കാൻ ദൈവസന്നിധിയിൽ വിശുദ്ധാ ഏറെ സമയം ചെലവഴിച്ചു. എങ്കിലും, ഒരു ദിവസം ക്ലോഡിനെ ദൈവം ജീവകാരുണ്യ ശുശ്രൂഷകൾക്കായി വിളിക്കുമെന്ന് മിസ്സിസ് തെവനെ ഭയപ്പെട്ടിരുന്നു.

ഫാ. കോയിൻഡ്രെയുടെ വിവേകപൂർണ്ണമായ നേതൃത്വത്തിൽ അസോസിയേഷൻ അംഗങ്ങൾ ദൈവസ്നേഹത്തിൽ ആഴപ്പെടുക തന്നെ ചെയ്തു. ഇതിനിടെ, ദൈവത്തിന്റെ കരുണാർദ്രമായ പരിപാലനം അസോസിയേഷനുമേൽ ചൊരിയപ്പെടുന്നുവെന്നതിനു മറ്റൊരു സാക്ഷ്യം കൂടി ലഭിച്ചു. അസോസിയേഷനിലെ രണ്ടംഗങ്ങൾ സന്യാസാർത്ഥികളായി. ക്ലോഡിന്റെ രണ്ട് ബന്ധുവനിതകൾ വിവാഹ ജീവിതത്തിലേക്കും പ്രവേശിച്ചു. ഇതോടെ ഫാ. കോയിൻഡ്രെ ഈ ഭക്തസംഘടനയെ സംബന്ധിച്ചുള്ള ദൈവഹിതം വെളിപ്പെട്ടു കിട്ടാൻ വിശുദ്ധായോടും മറ്റ് സഹോദരങ്ങളോടും അഭ്യർത്ഥിച്ചു. ഈ പ്രാർത്ഥനയിലൂടെ അസോസിയേഷനെക്കുറിച്ചുള്ള ദൈവിക പദ്ധതിയുടെ ചില സൂചനകൾ ഫാ. കോയിൻഡ്രെയ്ക്ക് ലഭിച്ചു. ആ ദൈവഹിതത്തെ ആധാരമാക്കിയായിരുന്നു 1818 ജൂലൈ 31 ന് അസോസിയേഷന്റെ യോഗം ഫാ. കോയിൻഡ്രെ വിളിച്ചു കൂട്ടിയത്. കഴിഞ്ഞ ലക്കത്തിൽ ഈ യോഗത്തെക്കുറിച്ച് ഞാൻ പരാമർശിക്കുകയുണ്ടായി.

(തുടരും)

## മലയാറ്റൂർ മഹാ ഇടവക

## കുരിശുമുടി മലകയറ്റം നടത്തി



മലയാറ്റൂർ മഹാ ഇടവകയിലെ മലയാറ്റൂർ, വിമലഗിരി, സെബിയൂർ, ഇല്ലിത്തോട് എന്നീ ഇടവകയിലെ വികാരിമാരും അത്മായ നേതാക്കളും വിശ്വാസികളും ഞായറാഴ്ച (ഫെബ്രുവരി 25) മലയാറ്റൂർ അടിവാരത്തെ മാർ തോമാ തിരുസ്വരൂപത്തിനു മുമ്പിൽ ഒരുമിച്ചു ചേർന്നു. മലയാറ്റൂർ പള്ളി വികാരി റവ. ഫാ. വർഗ്ഗീസ് മണവാളൻ സ്വാഗതം പറഞ്ഞു. പ്രാരംഭ പ്രാർത്ഥനയിൽ, വിമലഗിരി വികാരി റവ. ഫാ. പോൾ പടയാട്ടി, സെബിയൂർ പള്ളിവികാരി റവ. ഫാ. ഷെറിൻ പുത്തൻ പുരയ്ക്കൽ, ഇല്ലിത്തോട് പള്ളി വികാരി റവ. ഫാ. ജോൺസൺ വല്ലൂരാൻ, മലയാറ്റൂർ പള്ളി വൈദികരായ റവ. ഫാ. മാർട്ടിൻ കച്ചിറയ്ക്കൽ, റവ. ഫാ. മാത്യു പെരുമായൻ, റവ. ഫാ. ടോബിൻ ഇലഞ്ഞിത്തറ എന്നിവരും ബഹു. സിസ്റ്റേഴ്സും വിശ്വാസികളും പങ്കാളികളായി.



മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസ് (എം.എസ്.എസ് .ടി.) സന്യാസ സഭയ്ക്ക് പൊന്തിഫിക്കൽ പദവി പ്രഖ്യാപിച്ചപ്പോൾ

# MSST ചരിത്രവീഥികളിലെ സുവർണ്ണദിനം




ദേശിംഗനാടിന്റെ ഹൃദയ ഭൂമികയിൽ ആത്മസമർപ്പണത്തിന്റെ കുന്തിരിക്കശോഭ പരത്തി ആറുപതിറ്റാണ്ടുകൾ പിന്നിട്ട മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ ഓഫ് ഇൻഫന്റ് ജീസസ് (MSST) സന്യാസിനിസമൂഹത്തിന്റെ പൊന്തിഫിക്കൽ പ്രഖ്യാപന കർമ്മം 2023 ഫെബ്രുവരി 18 ന കൃതജ്ഞതാബലിയോടുകൂടി നടത്തി. രാവിലെ 9 മണിക്ക് കൊല്ലം ബിഷപ്പ് എമേരിത്തൂസ് ഡോ. ജോസഫ് ജി ഫെർണാണ്ടസ് ആശീർവദിച്ച നൽകിയ MSST കോൺഗ്രിഗേഷൻ പതാക,ബഹുമാന്യയായ MSST സുപ്പീരിയർ ജനറൽ സി.ശാന്തി ആന്റണി ഉയർത്തി.

# കെ സി ബി സി മീഡിയ ഫോട്ടോ ആൽബം



കെ.സി.ബി.സി മീഡിയ കമ്മീഷൻ പ്രസിദ്ധീകരിച്ച രണ്ടാമത്തെ ഗ്രന്ഥമായ ഒളിമിന്നും താരകം – വിശുദ്ധ ജോസഫ് വിമലാ പ്രോവിൻസിന്റെ സിസ്റ്റർ പ്രൊവിൻഷ്യൽ ലിറ്റിൽ ഫ്ളവർ സി.എം.സി. ശ്രീ ജോസഫ് ആക്കനത്തിനു (പാസ്ക്കൽ പ്രയർ ഗ്രൂപ്പ്) നൽകി പ്രകാശനം ചെയ്തപ്പോൾ. ഗ്രന്ഥകാരി സി.ഡോ. പ്രഭ ഗ്രെയ്സ് സി.എം.സി., മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. എബ്രഹാം ഇരിമ്പിനിക്കൽ എന്നിവർ സമീപം.




കെ.സി.ബി.സി. മീഡിയ കമ്മീഷൻ മുതിർന്ന പൗരന്മാർക്കായി സംഘടിപ്പിച്ച 'മധുരം സായന്തനം' പരിപാടിയിൽ വച്ച് കുചേലവൃത്തം കഥകളി അവതരിപ്പിച്ച് പ്രശസ്തനായ ഡോ.ഏ.കെ. സഭാപതിയെ യെയും (മുകളിൽ ) ആലുവ നന്മ ഗ്രൂപ്പിനെയും (താഴെ ) ആദരിച്ചപ്പോൾ . കെ സി ബി സി ഡെപ്യൂട്ടി സെക്രട്ടറി ഫാദർ ജേക്കബ് പാലക്കാപ്പിള്ളി മീഡിയ കമ്മീഷൻ സെക്രട്ടറി ഫാദർ എബ്രഹാം ഇരിമ്പിനിക്കൽ സിനിമാ സംവിധായകൻ അനീഷ് പോൾ എന്നിവർ സമീപം..





# പ്രവാസികളുടെ സങ്കടയാത്രകൾ, നാട്ടിലെ സങ്കടയാതനകൾ !

വാർത്ത

**ആന്റണി ചടയംമുറി**

2022–ൽ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചവർ രണ്ടേകാൽ ലക്ഷമാണ്. 12 വർഷത്തിനിടയിൽ മാതൃരാജ്യമായ ഇന്ത്യയെ ഉപേക്ഷിച്ചവർ 16.6 ലക്ഷം പേർ. 2020 – ൽ മാത്രമാണ് ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചവരുടെ എണ്ണം ലക്ഷത്തിൽ താഴെയായത്. (85,256 പേർ) എന്തുകൊണ്ടാണ് ഇത്തരത്തിൽ വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഇത്രയേറെ വർധിച്ചതെന്ന ചോദ്യത്തിന് ഒറ്റ മറുപടിയേയുള്ളൂ. ജീവസന്ധാരണത്തിനുള്ള തൊഴിൽ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ തന്നെയാണ് അനിയന്ത്രിതമായ ഈ കുടിയേറ്റത്തിനു കാരണം.

തൊഴിലെടുത്തു ജീവിക്കാനും ഒരു സംരംഭം തുടങ്ങി ജീവിതം മുന്നോട്ടു കൊണ്ടുപോകാനും കഴിയാത്ത വിധത്തിൽ തൊഴിൽ സൃഷ്ടിക്കുന്നതിൽ നിന്നും കേന്ദ്ര–സംസ്ഥാന സർക്കാരുകൾ പിൻവാങ്ങിക്കഴിഞ്ഞു. കേന്ദ്ര സർവീസിൽ മാത്രം 9 ലക്ഷത്തോളം തസ്തികകൾ ഇനിയും നികത്തിയിട്ടില്ല. കേരളത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്ന പച്ചില കാണിച്ച് യുവതയെ നടത്തി വിഷമിപ്പിക്കുകയാണ് സംസ്ഥാന സർക്കാർ.

കത്തോലിക്കാ സഭ പഠിപ്പിക്കുന്നത് തൊഴിൽ ഒരു മൗലികാവകാശമാണെന്നും അത് മനുഷ്യവംശത്തിനുവേണ്ടിയുള്ള ഒരു നന്മയുമാണെന്നാണ്. (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, നമ്പർ 2187) എന്നിട്ടും ഭരണകൂടങ്ങൾ എന്തുകൊണ്ട് തൊഴിൽ നിഷേധിക്കുന്നു ?ചോദ്യമുണ്ട്; പക്ഷെ ഉത്തരമില്ല !

ചിന്ത

മോശ നിത്യ പ്രവാസിയായിരുന്നു. അയാളൊഴികെ എല്ലാവരും അയാൾ കിനാവ് കണ്ട ദേശത്തിലേക്ക് പ്രവേശിച്ചു. അയാൾ മരുഭൂമിയിൽ പെട്ടുപോയി. അയാൾ തന്റെ മകനിട്ട പേര് ഗർഷോം എന്നായിരുന്നു. ഞാൻ ഒരു പ്രവാസിയാകുന്നുവെന്നാണ് ആ പേരിന്റെ അർത്ഥം.

**ബോബി ജോസ് കട്ടികാട് (വാതിൽ – പേജ് 116)**



25th
SILVERJUBILEE



# മുനമ്പം തിരുക്കുടുംബ ദൈവാലയത്തിൽ

## ജൂബിലി പ്രഖ്യാപനവും



## വിശുദ്ധ യൗസേപ്പിതാവിന്റെ ഊട്ടുതിരുനാളും

2023 മാർച്ച് 16,17,18,19
തീയതികളിൽ

ജൂബിലി വിളംബരം
ജൂബിലി പ്രഖ്യാപനം
ജൂബിലി പതാക ആശീർവ്വാദം
ജൂബിലി ലോഗോ പ്രകാശനം



റൈറ്റ്. റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
(കോഴിക്കോട് രൂപതാ മെത്രാൻ)



വൈകീട്ട് 4 ന് : ദീപശിഖയും ജൂബിലി പതാകയുമേന്തിയുള്ള **ജൂബിലി വിളംബരറാലി**
(പള്ളിപ്പുറം മഞ്ഞുമാത ബസിലിക്കയിൽ നിന്നും ആരംഭിക്കുന്നു.)

5.15 ന് : അഭിവന്ദ്യ പിതാവിന് സ്വീകരണം

5.30 ന് : ദിവ്യബലി

മുഖ്യകാർമ്മികൻ : **റൈറ്റ്. റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ**
(കോഴിക്കോട് രൂപതാ മെത്രാൻ)



റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശ്ശേരി
(കോട്ടപ്പുറം രൂപതാ മെത്രാൻ)

### 2023 മാർച്ച് 19 ഞായർ
### ജൂബിലി പ്രഖ്യാപനദിനം

രാവിലെ 9.15 ന് : അഭിവന്ദ്യ പിതാവിന് സ്വീകരണം

തുടർന്ന് : **തിരുനാൾ ദിവ്യബലി**

മുഖ്യകാർമ്മികൻ : **റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശ്ശേരി**
(കോട്ടപ്പുറം രൂപതാ മെത്രാൻ)

ജൂബിലി ആഘോഷ കമ്മറ്റി
ഊട്ടുതിരുനാൾ കമ്മറ്റി

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
കൈക്കാരന്മാർ

**VATHICAN THARANGAM**
**RN 55178/94**
**Total Pages 40 Date of Publication 28-02-2023**




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.